# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 ഫെബ്രുവരി 27 | ദീപം 57 | നാളം 50 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


## സ്വകാര്യസർവകലാശാലാ ബിൽ
# ഉന്നതവിദ്യാഭ്യാസത്തിന് പുത്തൻപാത തുറക്കുമോ?




അഡ്വ. വി.സി. സെബാസ്റ്റ്യൻ


കാലഘട്ടത്തിന്റെ മാറ്റങ്ങൾ തിരിച്ചറിഞ്ഞ് കേരളത്തിൽ സ്വകാര്യസർവകലാശാലകൾ തുറക്കുന്നതിനുള്ള കരടുബില്ലിന് 2025 ഫെബ്രുവരി 10 ന് ചേർന്ന മന്ത്രിസഭായോഗം അംഗീകാരം നൽകി.കേരളത്തിൽപ്രൈവറ്റ്യൂണിവേഴ്സിറ്റികൾ ആരംഭിക്കാൻ സർക്കാർ പച്ചക്കൊടി കാട്ടാൻ തുടങ്ങിയിട്ട് ഒരു പതിറ്റാണ്ടു പിന്നിട്ടു. 2011 മുതൽ ഗൗരവമായ ചർച്ചകൾ ആരംഭിച്ചതാണ്. 2015 ൽ ഉമ്മൻചാണ്ടിസർക്കാർ ഇതിനായി പ്രത്യേകം പഠനസമിതിയെ പ്രഖ്യാപിച്ചു സാധ്യതകൾ തേടി. എം.ജി. യൂണിവേഴ്സിറ്റിയുടെ മുൻ വൈസ് ചാൻസലർ ഡോ. സിറിയക് തോമസ് ചെയർമാനായ പത്തംഗസമിതി 2015 സെപ്റ്റംബറിൽ സർക്കാരിന് എട്ട് അധ്യായങ്ങളുള്ള റിപ്പോർട്ട് സമർപ്പിച്ചു. കേരളത്തിലെ ഉന്ന തവിദ്യാഭ്യാസമേഖലയിൽ ആഗോളകാഴ്ചപ്പാടോടെ വരുത്തേണ്ട അടിയന്തരമാറ്റങ്ങളെക്കുറിച്ചു റിപ്പോർട്ടിൽ പറയുന്നു. ഡൽഹി, കർണാടക, യു.പി., ഹരിയാന എന്നീ സംസ്ഥാനങ്ങളിലെ വിവിധ സ്വകാര്യസർവകലാശാലകൾ സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്. ഈ റിപ്പോർട്ടിനെ എതിർത്തു പുറന്തള്ളിയവരാണ് ഇന്ന് ഇതേ നിർദേശങ്ങൾ പൊടിതട്ടിയെടുത്ത് മറ്റൊരു രൂപത്തിൽ പഴയ വീഞ്ഞ് പുതിയ തോൽക്കുടത്തിലെന്നപോലെ നടപ്പാക്കാൻ ശ്രമിക്കുന്നതെന്ന വിരോധാഭാസവും നിലനില്ക്കുന്നു.



### കരിഓയിലും കരണത്തടിയും

2016 ജനുവരി 29 ന് സംഘടിപ്പിക്കപ്പെട്ട ആഗോളവിദ്യാഭ്യാസസമ്മേളനത്തിനെതിരേ ഉന്നതവിദ്യാഭ്യാസമേഖലയിൽ സ്വകാര്യ സർവകലാശാലകൾ അനുവദിക്കില്ലെന്നും രാജ്യാന്തരയൂണിവേഴ്സിറ്റികളെ കേരളത്തിൽ കാലുകുത്തിക്കില്ലെന്നും മുദ്രാവാക്യങ്ങൾ മുഴക്കി അരങ്ങേറിയ എസ്എഫ്ഐയുടെ സമരകൈയാങ്കളി കേരളവിദ്യാഭ്യാസചരിത്രത്തിലെ കറുത്ത അധ്യായമായി നിലനിൽക്കുന്നു. ഉന്നതവിദ്യാഭ്യാസരംഗത്ത് ആഗോളകാഴ്ചപ്പാടോടു കൂടിയ സമഗ്രമാറ്റം ലക്ഷ്യംവച്ച് ഉന്നതവിദ്യാഭ്യാസ കൗൺസിൽ സംഘടിപ്പിച്ച സെമിനാർ അലങ്കോലമാക്കികൗൺസിൽവൈസ് ചെയർമാൻടി.പി.ശ്രീനിവാസനെ സമ്മേളനപ്രവേശനകവാടത്തിനു പുറത്തുവച്ച് അടിച്ചുതാഴെയിട്ട് അക്രമം അഴിച്ചുവിട്ടു. പൊലീസ് ഗ്രനേഡ് പ്രയോഗിച്ചു. കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസമേഖലയിൽ നൂതനകാഴ്ചപ്പാടോടെ പരിഷ്കരണം നടത്താൻ എടുത്ത നടപടികൾ വിദ്യാർഥിചാവേറുകളെവച്ച് അട്ടിമറിച്ചവർ സ്വകാര്യസർവകലാശാലകളെ ഇന്നു വാനോളം പുകഴ്ത്തി സഹർഷം സ്വാഗതം ചെയ്യുമ്പോൾ ഇന്നലെകളിൽ ഇതിനെതിരേ നടന്ന പ്രക്ഷോഭങ്ങൾ എന്തിനു വേണ്ടിയായിരുന്നുവെന്ന ചോദ്യം പൊതുസമൂഹത്തിൽനിന്നുയരുന്നതു സ്വാഭാവികം.

### ചർച്ചകളുടെ തുടർച്ച

2021 മുതൽ പലതവണ ഉന്നതവിദ്യാഭ്യാസവകുപ്പുമന്ത്രി നിയമസഭയിൽ സ്വകാര്യസർവകലാശാലകൾ ആരംഭിക്കാൻ സർക്കാർ തയ്യാറാണെന്നു പ്രഖ്യാപിച്ചു. 2023 നവംബർ 18 മുതൽ ഡിസംബർ 24 വരെ മുഖ്യമന്ത്രിമാരും മന്ത്രിമാരും നടത്തിയ നവകേരള സദസ്സിൽ പലയിടങ്ങളിലായി സ്വകാര്യസർവകലാശാലകൾ യാഥാർഥ്യമാക്കുന്നതിൽ സംസ്ഥാനസർക്കാർ വേഗത്തിൽ തീരുമാനമെടുക്കുമെന്ന് മുഖ്യമന്ത്രി ആവർത്തിച്ചു. 2024 ഫെബ്രുവരിയിൽ സംസ്ഥാനധനമന്ത്രി ബജറ്റുപ്രസംഗത്തിൽ ഉന്നതവിദ്യാഭ്യാസമേഖലയിൽ വിദേശ-സ്വകാര്യ യൂണിവേഴ്സിറ്റികൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു പരാമർശിച്ചതിന്റെ പേരിൽ പാർട്ടിസംവിധാനത്തിന്റെയുൾപ്പെടെ വിവിധ കോണുകളിൽനിന്ന് എതിർപ്പുകൾ ഏറ്റുവാങ്ങി. ഈ പശ്ചാത്തലത്തിൽ നിന്നുവേണം മന്ത്രിസഭ അംഗീകരിച്ച സ്വകാര്യസർവകലാശാലാബില്ലിനെ പൊതുസമൂഹം കാണാനും വിലയിരുത്താനും.


▶ 10


## റാഗിങ് ക്രൂരത!
# ഈ പേക്കൂത്ത് ആരവസാനിപ്പിക്കും?




അനിൽ ജെ. തയ്യിൽ


മനുഷ്യക്കുഞ്ഞുങ്ങളെ കൈകാലുകൾ ചേർത്തു തോർത്തുകൊണ്ട് കട്ടിലിൽ ബന്ധിക്കുക... വിവസ്ത്രരാക്കുക... കോമ്പസും ഡിവൈഡറും ഉപയോഗിച്ച് പച്ചമാംസം കുത്തിക്കീറുക...

ദേഹം വേദനയാൽ പിടഞ്ഞുവെട്ടി കൺമഴിച്ചു വാ പിളർത്തുമ്പോൾ കണ്ണിലും വായിലും ലോഷൻ ഒഴിക്കുക... കുത്തിക്കീറിയ മുറിവുകളിലും രഹസ്യഭാഗങ്ങളിലും ലോഷനൊഴിച്ച്... ബ്ലേഡുകൊണ്ടു വരഞ്ഞ്...

പ്രാണനൊടുങ്ങുമെന്ന ഭീതിയിൽ നെഞ്ചകം പിളർന്നുള്ള കരച്ചിൽ കേട്ടുള്ള ലഹരിയിൽ പാട്ടുവച്ചു ഡാൻസ് ചെയ്യുന്നവർ...

ദേഹം വരഞ്ഞുകീറപ്പെട്ട് പാതിബോധത്തിൽ അലറിക്കരയുന്ന അവന്റെ ജനനേന്ദ്രിയത്തിൽ ഡംബൽ എടുത്തുവയ്ക്കൽ...

ഇതൊന്നും ഒരു രക്തരൂഷിത സൈക്കോ കില്ലർ സിനിമയുടെ തിരക്കഥയിലെ ഭാഗങ്ങളല്ല; പൈശാചികോന്മാദത്തിൽ സ്വയം മറന്ന് കൗമാരം കടക്കാത്ത നരാധമന്മാരായ അഞ്ചുപേർ തങ്ങളുടെ കുഞ്ഞനുജന്മാരായ കുട്ടികളോടു ചെയ്ത ക്രൂരതയുടെ ഏറ്റവും സഭ്യമായ വർണനയാണ്. പാതി വേരറ്റ ബോധത്തിൽ വേദനയുടെ ദീനതയിൽ അലറിക്കരയുന്ന നിമിഷങ്ങളുടെ വീഡിയോ പകർത്തി വീണ്ടും അവരത് ആസ്വദിച്ചു. ആധുനികകൗമാരത്തിനു മനസ്സും മനുഷ്യത്വവും കൈമോശം വന്നുവെന്നോ?

കോട്ടയം ഗവൺമെന്റ് നേഴ്സിങ് കോളജിലെ ഒന്നാംവർഷ വിദ്യാർഥികൾ അതിക്രൂര റാഗിങ്ങിനാണ് ഇരയായത്. കഴിഞ്ഞ നവംബറിൽ ആരംഭിച്ച റാഗിങ്ങിന്റെ ഉള്ളുലയ്ക്കുന്ന കഥകൾ പുറത്തുവരുന്നത് ഇപ്പോഴാണ്. 2024 ഡിസംബർ മൂന്നിനു ചിത്രീകരിച്ച വീഡിയോയിൽ കാണുന്ന ദൃശ്യങ്ങൾ കരളുരുക്കുന്നതാണ്. ഇടുക്കിസ്വദേശിയായ ലിബിന്റെ പരാതിയിൽ അഞ്ചു സീനിയർ വിദ്യാർഥികളെ ഗാന്ധിനഗർ പൊലീസ് അറസ്റ്റുചെയ്തു. പട്ടികജാതി - വർഗ വിഭാഗക്കാർക്കുള്ള മൂന്നുവർഷ ജനറൽ നേഴ്സിങ് കോഴ്സ് വിദ്യാർഥികളാണ് റാഗിങ് നേരിട്ടവരും പ്രതികളും. കോട്ടയം മൂന്നിലവ് കീരിപ്ലാക്കൽ സാമുവൽ ജോൺസൺ, വയനാട് പുൽപ്പള്ളി ഞാവലത്ത് എൻ.എസ്. ജീവ, മലപ്പുറം പയ്യനാട് കച്ചേരിപ്പടി വീട്ടിൽ സി. റിജിൽജിത്ത്, വണ്ടൂർ കരുമാരപ്പറ്റ കെ.പി. രാഹുൽരാജ്, കോട്ടയം കോരുത്തോട് നെടുങ്ങാട്ട് എൻ.വി. വിവേക് എന്നിവരാണ് അറസ്റ്റിലായത്. അഞ്ചുപേരെയും അന്വേഷണ വിധേയമായി കോളജിൽനിന്നു സസ്പെൻഡ് ചെയ്തു. തുടർപഠനം തടഞ്ഞുകൊണ്ട് നേഴ്സിങ് കൗൺസിൽ സർക്കാരിനു കത്തു നൽകി. അറസ്റ്റിലായ അഞ്ചു പ്രതികളിൽ 20 ൽ താഴെ പ്രായമുള്ള മൂന്നു പേരെ കാക്കനാട് ജില്ലാ ജയിലിനോടനുബന്ധിച്ചുള്ള ബോസ്റ്റൽ സ്കൂളിലേക്കും മറ്റു രണ്ടുപേരെ കോട്ടയം സബ്ജയിലിലേക്കും മാറ്റി. തുടരന്വേഷണത്തിനായി പ്രതികളെ അഞ്ചുദിവസം കസ്റ്റഡിയിലാവശ്യപ്പെട്ട് പൊലീസ് കോടതിയിൽ അപേക്ഷ നൽകി. സംഭവത്തിൽ ഗവർണർ ആവശ്യപ്പെട്ടതനുസരിച്ച് കളക്ടർ റിപ്പോർട്ട് നൽകി. സംസ്ഥാന-ദേശീയ മനുഷ്യാവകാശക്കമ്മീഷനുകൾ കേസെടുത്തു.


▶ 12

3

അതിജീവനത്തിന്റെ സ്ത്രീമുഖങ്ങൾ



നിഷ ആന്റണി

# ഒരു വക്കാലത്ത്

**കെ**ട്ടിച്ചുവിട്ട പെൺമക്കളോ ട് ഭൂരിഭാഗം അമ്മമാരും അന്വേഷി ക്കുന്ന ചില കാര്യങ്ങളുണ്ട്: ഇന്നെ ന്താ കറിവച്ചെ? പിള്ളാര് വല്ലോം കഴിച്ചോ? കുരിശു വരച്ചോ? പച്ച ക്കറി പുറത്ത്നാണോ മേടിച്ചെ? മുളകുപൊടി തീർന്നോ? ആവർ ത്തിക്കപ്പെടുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകലായിരുന്നു ഒരു കാലഘട്ടം മുഴുവൻ ഞാൻ. എന്നാൽ, കലണ്ടറിൽ 2020 നവം ബർ 3 എന്ന് അടയാളപ്പെടുത്തിയ ആ ദിവസംമുതലാണ് ജീവിത ത്തിൽ, പ്രത്യേകിച്ച് കുടുംബമെന്ന സംവിധാനത്തിൽ അറിഞ്ഞോ അറിയാതെയോ ഒരു പുരുഷൻ എടുക്കുന്ന റോളിനെക്കുറിച്ചു



ഞാൻ പരിചയപ്പെടുന്നത്. ഒരിക്ക ലെങ്കിലും ചോദ്യങ്ങളുടെ ആവർ ത്തനം മാറി 'നിനക്കു സുഖമാ ണോ മോളേ' എന്നു കേൾക്കാൻ എന്റെ കാതുകൾ ആഗ്രഹിച്ചിരു ന്നു. ആ ഒരു സമയംമുതൽ സ്ത്രീ യുടെയും പുരുഷന്റെയും റോൾ അതിന്റെ ഏറ്റവും ഭാരത്തിൽ, വേദനയിൽ, ആധിയിൽ, ഉന്മാദങ്ങ ളില്ലാതെ അവതരിപ്പിക്കാനുള്ള എന്റെ പെടാപ്പെടലിലാണ് ഞാൻ മനുഷ്യരെ, പ്രത്യേകിച്ച് സ്ത്രീ കഥാപാത്രങ്ങളെ കൂടുതൽ മനസ്സി ലാക്കിത്തുടങ്ങിയത്.

അന്ന് ഞാനും എന്റെ ഏറ്റവും അടുത്ത സുഹൃത്തായ അനിത യുംകൂടി തൊട്ടടുത്തുള്ള സൂപ്പർ മാർക്കറ്റിൽ ഷോപ്പിങ് നടത്തുക യായിരുന്നു. സമയം ഏകദേശം രാത്രി ഒമ്പതു മണിയായിക്കാണും. എന്റെ ഫോണിലേക്ക് ഒരു കോൾ വന്നു. അശ്വതി എന്ന് ഡിസ്പ്ലേ യിൽ തെളിഞ്ഞു.

"ടീച്ചർ ഏട്യാ?"

ആദ്യത്തെ ചോദ്യം. പിന്നെ മഴ വന്നു വീണ ഇലച്ചില്ല ഉലയും പോലെ ഒരു കരച്ചിലും. സൂപ്പർ മാർക്കറ്റിന്റെ നടവഴിയിൽനിന്ന് ഞാൻ 'എന്താ എന്താ'യെന്ന് ഉറ ക്കെ ചോദിച്ചുകൊണ്ടിരുന്നു. എന്റെ ഉറക്കെയുള്ള ചോദ്യം കേട്ട് അകത്തേക്കു സാധനങ്ങൾ വാങ്ങാൻ പോയ അനിതയും തിരി കെയിറങ്ങി.

"ടീച്ചറേ ഞാൻ പൊരേന്ന് ഇറങ്ങിനടക്കുകയാണ്. ഇനി ആവൂല ടീച്ചറേ ഇവിടെ നി ക്കാൻ." രാത്രി എട്ടുമണിക്ക് അഞ്ചുമാസംമാത്രം പ്രായമുള്ള ഒരു കുഞ്ഞിനെയും എടുത്തു കൊണ്ടു നടക്കുന്ന ഒരു സ്ത്രീ യോട് പ്രശ്നത്തിന്റെ രൂക്ഷഭാ വങ്ങൾ എന്താണെന്നു ചോദി ക്കാൻ ആ സമയത്തു ഞാൻ ആഗ്രഹിച്ചില്ല. എവിടെയാ ഉള്ള ത് എന്നുമാത്രം ചോദിച്ചു. ഞാൻ വരുന്ന സമയംവരെ എങ്ങോട്ടേക്കും പോകാതെ ഏതെങ്കിലും വീട്ടിൽ കയറി നിൽക്കണം എന്നു മാത്രം പറഞ്ഞു. അവൾ എന്തെങ്കിലും കടുംകൈ ചെയ്യുമോ എന്നുള്ള ഭയത്തിൻമേൽ ഞാൻ ഫോൺ കട്ടു ചെയ്യാതെ അവളോടുമിണ്ടി ക്കൊണ്ടിരുന്നു. എന്താ പ്രശ്നം എന്ന് എന്നോടു ചോദിക്കുന്ന അനിതയോടു മറുപടി പറയാതെ ഞാൻ കാറിൽ കയറി. "ഒരിടം വരെ പോണം. നീയും വരണം." അത്രമാത്രം ഞാൻ പറഞ്ഞു.

ഫോൺ ലൗഡ് സ്പീക്കറോ ടെ എന്റെ മടിയിലേക്കു വീണു. ഉയർന്നുകേൾക്കുന്ന പൊട്ടിക്കര ച്ചിലിനോട് 'ഞാനെത്തിയെടീ' എന്ന മറുപടി നിരന്തരം ഞാൻ പറഞ്ഞുകൊണ്ടിരുന്നു. കാർ ഇട വഴിയിലേക്കു തിരിഞ്ഞതും ഇരു ട്ടിലും ദുഃഖത്തിലും കുതിർന്ന ഒരു രൂപം കുഞ്ഞിനെയുംകൊ ണ്ട് വെളിയിൽനിൽക്കുന്നതു കണ്ടു. അശ്വതി എന്റെ ക്ലാസി ലെ ഒരു കുട്ടിയുടെ അമ്മ മാത്ര മായിരുന്നു എന്നു പറഞ്ഞാൽ പോരാ, എന്റെ വീട്ടിലെ തീൻ മുറിയിലേക്ക് അതിരുചികരമായ അച്ചാറും ചമ്മന്തിപ്പൊടിയും എത്തിക്കുന്നവൾകൂടിയായി രുന്നു അശ്വതി.

മഴച്ചാറ്റൽ വീണ് കാഴ്ച മറ ഞ്ഞെങ്കിലും ഞാൻ കാർ നിർ ത്തി ഡോർ തുറന്നു. "വേഗം വന്ന് വണ്ടിയിൽ കയറ്" ഹോം വർക്ക് ചെയ്യാത്ത കുട്ടികളോട് ഒച്ചയിടുന്നതുപോലെ ഞാൻ അശ്വതിയോടു ശബ്ദം ഉയർ ത്തിപ്പറഞ്ഞു. പരിചയമില്ലാത്ത നാട്ടിൽനിന്ന് ഒരാളെ അസ്വാഭാ വികമായ സാഹചര്യത്തിൽ വണ്ടിയിൽ കയറ്റി കൊണ്ടു പോ കുമ്പോൾ വരാൻപോകുന്ന ഭവിഷ്യത്തുകൾ ആ സമയംമു തൽ എന്നെ പിന്തുടരാൻ തുട ങ്ങി. അതിലുപരിയായി എനിക്ക് അവളെക്കുറിച്ച് കൂടുതലൊന്നും അറിയുകയും ഇല്ലായിരുന്നു.

"നിനക്കു പരിചയമുള്ള വീട് ഏതെങ്കിലും ഉണ്ടോ, നമുക്ക് അങ്ങോട്ടേക്കു പോകാം തൽ ക്കാലം." ഞാൻ പറഞ്ഞു.

"വേണ്ട ടീച്ചറേ, എനിക്കു മരിച്ചാൽ മതി."

കൈ രണ്ടും സ്റ്റിയറിങ്ങിൽ ആയതുകൊണ്ടും അടിക്കാൻ ചൂരൽ ഇല്ലാത്തതുകൊണ്ടും അശ്വതി എന്റെ പ്രഹരത്തിൽ നിന്ന് ആ സമയം രക്ഷപ്പെട്ടതായി വേണം പറയാൻ. എന്റെ കുറേനേരത്തെ നിർബന്ധം കൊണ്ടാണ് അവൾ ഏകദേശം പരിചയമുള്ള ഒരു വീട് പറഞ്ഞ ത്. ഞാനും അനിതയും അശ്വ തിയുംകൂടി ആ വീടിന്റെ മുറ്റ ത്തേക്കു പ്രവേശിച്ചു. ഞങ്ങൾ പ്രവേശിച്ചതും ആണും പെണ്ണും അടക്കം ഒരു കൂട്ടം ആളുകൾ ആ വീടിനെ വിഴുങ്ങാൻ തുട ങ്ങി. എന്റെ മുഖം കണ്ടതും, 'ഓൾക്കൊന്നും പറ്റീലല്ലോ ടീ ച്ചറേ' എന്ന ചോദ്യവുമായി കുറ ച്ചുപേർ അകത്തേക്കു പ്രവേശി ച്ചു. "അപ്പോൾ നിങ്ങൾ കണ്ടിരു ന്നോ ഇവൾ വഴിയിൽക്കൂടി നട ക്കുന്നത്?" ഞാൻ ചോദിച്ചു. 'സ്ത്രീകളുടെ പ്രശ്നമല്ലേ ഇമ്മ ക്ക് ഇടപെടാൻ പറ്റൂലല്ലോ' എന്ന് ഒരു കൂട്ടർ. മരിച്ചുകിടക്കു മ്പോൾപോലും മടിച്ചി എന്നു പറ യുന്ന ഒരു ജനത്തെ എനി ക്കോർമ വന്നു.

സമയം ഒമ്പത്, പത്ത്, പതി നൊന്ന്, പന്ത്രണ്ട്, ഒരു മണി, കര ച്ചിലിന്റെ കനം കുറഞ്ഞുതുടങ്ങി. ഒരാളുടെ വീട്ടിലെ പ്രശ്നങ്ങൾ കേൾക്കാനല്ലാതെ പൂർണമായി പരിഹരിക്കാൻ നമുക്ക് ഒരിക്കലും സാധിക്കില്ല എന്നുള്ള തിരിച്ചറിവ് എപ്പോഴൊക്കെയോ എനിക്കു ലഭിച്ചിരുന്നതുകൊണ്ട് ഞാനന്നു മുഴുവൻ ഇരുന്ന് അവൾ പറഞ്ഞ തൊക്കെ കേട്ടു. നേരം വെളുപ്പി ന് ഇറങ്ങിപ്പോരുംമുമ്പ് 'എന്തു വന്നാലും ഞാൻ കൂറ്റപ്പെടുത്തില്ല. ഇനിമേൽ കരയരുത്, ഞാൻ കൂടെയുണ്ടാകും' എന്ന വാ ക്കിന്റെ ഉറപ്പിന്മേൽ അവൾ അവ ളുടെ ഭർത്താവിന്റെ വീട്ടിലേക്ക് തിരികെപ്പോയി. തുടർന്നുള്ള ദിവസങ്ങളിൽ എനിക്കു മനസ്സി ലായ കാര്യം അവളെ കേൾ ക്കാൻ രണ്ടു കാതുകൾ വേണ മെന്നുള്ളതായിരുന്നു. അതിന്റെ ഇടയിൽ ഞാൻ ഒരു നിബന്ധന വച്ചു. എന്നോടല്ലാതെ വേറേ ആരോടും മുറുമുറുപ്പുകളും പരാതിയും പറയരുതെന്ന്. കുറെ അവൾ അനുസരിച്ചു എന്നു തോന്നുന്നു. പുളിച്ചുപൊന്തിയൊ ഴുകുന്ന മാവുപോലെ അവളുടെ പരാതികൾ രണ്ടുമൂന്നാഴ്ച എന്റെ ചെവിയിലേക്കുമാത്രം ഒഴുകിക്കൊണ്ടിരുന്നു. പഞ്ചാ യത്തു മെമ്പറെ കണ്ട് കുടുംബ ശ്രീ തുടങ്ങുന്ന പുതിയ അച്ചാറു കമ്പനിയിൽ ഒരു ജോലിയാക്കി കൊടുക്കുന്നിടംവരെ അവൾ ക്കുവേണ്ടിമാത്രം എന്റെ ഫോൺ ഉപയോഗിച്ചു എന്നുവേണം പറയാൻ.

പുഴയോളം മൊഞ്ചുപോലെ പെണ്ണൊഴുകി ജീവിക്കുന്നത് പിന്നെ ഞാൻ കണ്ടുതുടങ്ങുക യായിരുന്നു. അശ്വതിക്കിപ്പോൾ സ്വപ്നങ്ങളുണ്ട്. അവളുണ്ടാ ക്കുന്ന അച്ചാർഭരണികൾ ഉച്ചയൂ ണുകളിൽ താരമാവുന്നു എന്നു ള്ളത് അവളുടെമാത്രം അഭിമാ നമാണ്. അശ്വതിയുടെ ഭർത്താവ് ഇപ്പോൾ അന്യരാജ്യത്താണ്. മരുഭൂമിയിലെ വേനലിൽ പരാ തിയായിട്ടെങ്കിലും അവളുടെ സ്വരത്തിനുവേണ്ടി അയാൾ കാതോർത്തിരിക്കുന്നു. ഒറ്റപ്പെട്ടു പോകുമ്പോഴാണല്ലോ മനുഷ്യൻ ബന്ധങ്ങളുടെ വിലയറിയുന്നത്. പെണ്ണിന്റെ കണ്ണീരിനല്ല വില, പെണ്ണിന്റെ ധൈര്യമാണ് അവ ളുടെ വില നിശ്ചയിക്കുന്നതെന്ന് ഈ പുതുവർഷത്തിൽ അവൾ സ്റ്റാറ്റസ് എഴുതിയിട്ടു. ജീവിത ത്തിൽ ഒരാൾക്കുവേണ്ടി ഒന്നും ചെയ്യാൻ സാധിച്ചില്ലെങ്കിലും അവരെ കേൾക്കുക എന്നത് വള രെ വലിയ കാര്യമാണെന്ന് എനി ക്കും മനസ്സിലായി. എങ്കിലും ഒരേ ആകാശവും ഭൂമിയും മണ്ണും ജലവും പങ്കുവയ്ക്കുന്ന മനുഷ്യർ തന്റെ ഗണത്തിൽപ്പെട്ട ഒരു സ്ത്രീ പാതിരാത്രിയിൽ കരഞ്ഞു കൊണ്ട് ഇറങ്ങിനടക്കുന്നതു കണ്ടിട്ടും 'നിനക്കെന്താ പറ്റിയത്' എന്നു ചോദിച്ച് അവളുടെ കൈ പിടിക്കാത്തതിന്റെ പിറകിലെ യുക്തിയും ഭക്തിയും എനിക്കി പ്പോഴും മനസ്സിലാവുന്നില്ല.

■

## ഏലം കൃഷിയിൽ ദേശീയപുരസ്കാരവുമായി വി.ജെ.ബേബി വെള്ളിയേപ്പള്ളിൽ

പാലാ: മികച്ച ഏലം കർഷ കനുള്ള ദേശീയപുരസ്കാരം മില്യനെയർ ഫാർമർ ഓഫ് ഇന്ത്യ(എം.എഫ്.ഒ.ഐ.) പാലാ വെള്ളിയേപ്പള്ളിൽ വി.ജെ. ബേബിക്ക്. ഇന്ത്യൻ കൗൺ സിൽ ഓഫ് അഗ്രിക്കൾച്ചർ റിസ ർച്ച് (ഐ.സി.എ.ആർ.), കൃഷി ജാഗരണം എന്നിവയുടെ നേതൃ ത്വത്തിൽ ഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര ഗതാഗതമന്ത്രി നിധിൻ ഗഡ്ഗരി അവാർഡ് സമ്മാനിച്ചു.



*മികച്ച ഏലം കർഷകനുള്ള ദേശീയപുരസ്കാരം കേന്ദ്രഗതാഗതമന്ത്രി നിധിൻ ഗഡ്ഗരിയിൽനിന്നു വി.ജെ.ബേബി വെള്ളിയേപ്പള്ളിൽ ഏറ്റുവാങ്ങുന്നു.*

ജൈവകൃഷിരീതികൾ ഉൾ പ്പെടെ അവലംബിച്ച് ഏറ്റവും കൂ ടുതൽ അളവിൽ ഗുണമേന്മ യുള്ള ഏലം ഉത്പാദിപ്പിച്ചതിനും പുതുതലമുറയെ കൃഷിയിലേക്കു നയിച്ചതിനുമാണ് അവാർഡ്. പ്രമുഖ പ്ലാന്ററായിരുന്ന പാലാ വെള്ളിയേപ്പള്ളിൽ പരേതനായ വി.എം. ജോസഫിന്റെ (കൊച്ചേ ട്ടൻ) പുത്രനായ ബേബി, വെള്ളി യേപ്പള്ളിൽ വി.ജെ. ബേബി ആൻഡ് കമ്പനി ഉടമയുമാണ്.

ഇടുക്കി ജില്ലയിലെ രാജാക്കാ ടാണ് ഇദ്ദേഹത്തിന്റെ ഏലംകൃ ഷി. പാലാ എസ്റ്റേറ്റ് എന്ന പേ രിൽ 100 ഏക്കർ സ്ഥലത്തു കൃഷി ചെയ്തിരിക്കുന്നു. 35 വർഷമായി ഏലംകൃഷി ഇവിടെ ആരംഭിച്ചിട്ട്. ഞള്ളാനി, മൈ സൂർ ബൺക്ക്, കാണിപ്പറമ്പൻ എന്നീയിനങ്ങളാണ് പ്രധാന മായും കൃഷി ചെയ്തിരിക്കുന്ന ത്. ജൈവവളങ്ങൾ, അതായത്, വേപ്പിൻപിണ്ണാക്കും ബോർഡോ മിശ്രിതവും വർഷത്തിൽ രണ്ടുപ്രാ വശ്യം ഉപയോഗിക്കും, കാല വർഷത്തിനുമുമ്പും ശേഷവും.

രണ്ടടി സമചതുരത്തിൽ കുഴി യെടുത്ത്, കുമ്മായം കുഴിയിൽ വിതറി, 10-15 ദിവസം കിടക്കണം. പ്രധാനമായും മേയ്മാസത്തി ലാണ് ഇങ്ങനെ ചെയ്യുന്നത്. മണ്ണിന്റെ പി.എച്ച്. നോക്കും. പിന്നീട് വേപ്പിൻപിണ്ണാക്ക്, രാജ്ഫോസ്, എല്ലുപൊടി, കടല പ്പിണ്ണാക്ക് എന്നിവ ചേർത്ത് കുഴി മൂടുന്നു. ഓരോ കൈവീതം 200 ഗ്രാം വച്ച് ഇടാം. എല്ലാ മിശ്രി തവുംകൂടി 500 ഗ്രാം മാത്രം. ഒരു ഏക്കറിൽ 400 ചെടികൾ നടാം. 2.5 ലക്ഷം രൂപയോളം കൃഷിച്ചെ ലവാകും. ഒരേക്കറിൽനിന്നു ശരാ ശരി 600, 700 ഗ്രാം ഏലം ലഭിക്കും.

കീട-രോഗബാധ കൂടുതലാ യും ഏലം കൃഷിയെ ബാധിക്കാ റുണ്ട്. ഏലത്തിനു വിലയുണ്ടെ ങ്കിൽ കൃഷി ലാഭകരമാണ്. കാലാ വസ്ഥയെ ആശ്രയിച്ചുള്ള കൃഷി കൂടിയാണിത്.

കർഷകന് ഈ കൃഷിയെക്കു റിച്ചും കാലാവസ്ഥയെക്കുറിച്ചും അവബോധമുണ്ടാകണം.

ഇദ്ദേഹത്തിനു മക്കൾ നാലു പേർ. ഓസ്ട്രേലിയായിലായിരുന്ന മൂത്തമകൻ ജോയൽ മൈക്കിൾ ഇപ്പോൾ നാട്ടിൽ ഏലംകൃഷി യിൽ ശ്രദ്ധിക്കുന്നു. മാത്യു മൈക്കിൾ (ന്യൂസിലാന്റ്), റ്റി. ആൻ മൈക്കിൾ, ജോർഡി മൈക്കിൾ എന്നിവരാണ് മറ്റുമ ക്കൾ.

- ജോസഫ് കുമ്പുക്കൻ

# ദീപനാളം

കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ




ചെയ്യുന്നതിനെല്ലാം ശ്രേഷ്ഠത കൈവരിക്കുക;
കീർത്തിക്കു കളങ്കം വരുത്തരുത്.

പ്രഭാഷകൻ 33:23

**എഡിറ്റോറിയൽ**

# മലയോരമക്കളുടെ ആശങ്കയകറ്റണം

**ഒ**രു കാലത്ത് ഐതിഹാസികമായ കുടിയേറ്റത്തിലൂടെ കേരളത്തിന്റെ കാർഷികസംസ്കാരത്തെ സമ്പന്നമാക്കിയ ഒരു ജനത ഇന്നു കുടിയിറക്കു ഭീഷണിയിലാണ്. വന്യജീവിയാക്രമണത്തിൽ ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടുപോയതിന്റെ തീരാവേദനയിൽ ഉറക്കം കിട്ടാത്ത രാത്രികളെയാണ് അനുദിനം അവർ അഭിമുഖീകരിക്കുന്നതും അതിജീവിക്കുന്നതും. ആനയും കടുവയും പുലിയും കാട്ടുപന്നിയുമൊക്കെ നാടു കൈയേറുന്നതിന്റെയും വന്യമൃഗപ്പേടിയിൽ മനുഷ്യൻ കുടിയിറങ്ങുന്നതിന്റെയും വർത്തമാനകാലചരിത്രം മലയോരമേഖലയെ ആശങ്കയുടെ മുൾമുനയിലെത്തിച്ചിട്ടു നാളുകളേറെയായിരിക്കുന്നു.

നാടിന്റെ ഭക്ഷ്യഭദ്രതയുടെ അടിത്തറയൊരുക്കിയവരും അവരുടെ പിൻമുറക്കാരും സ്വന്തം മണ്ണിൽ അന്യരാക്കപ്പെടുമ്പോൾ അവരുടെ അധ്വാനവും സ്വപ്നങ്ങളും ഒപ്പം സ്വത്വബോധവുമാണു കുടിയിറങ്ങുന്നത്. മലയോരഗ്രാമങ്ങൾ അരക്ഷിതത്വത്തിന്റെ കൊടുമുടി കയറുമ്പോഴും, മണ്ണിൽ പൊന്നുവിളയിച്ച മക്കളുടെ ജീവനും സ്വത്തിനും കാവലാളാവേണ്ട സർക്കാരും വനംവകുപ്പും നിരുത്തരവാദിത്വത്തിന്റെ ഇരുട്ടിൽ തപ്പിത്തടയുന്നതു നീതീകരിക്കാനാവില്ല.

സംസ്ഥാനത്ത് വന്യജീവിയാക്രമണത്തിൽ ജീവൻ പൊലിയുന്നവരുടെ കണക്ക് ദിനംപ്രതി പെരുകുകയാണ്. ഈ വർഷം ഇതുവരെ കാട്ടാന കൊന്നത് ഒമ്പതുപേരെയാണ്. കടുവയുടെയും കാട്ടുപന്നിയുടെയും ആക്രമണങ്ങളിൽ രണ്ടുപേരുടെ ജീവൻ പൊലിഞ്ഞു. പരിക്കേറ്റതിനു കൈയും കണക്കുമില്ല, കൃത്യമായ റിപ്പോർട്ടുകളുമില്ല.

സംസ്ഥാനത്ത് വന്യജീവിയാക്രമണത്തിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടെ 460 പേർക്കു ജീവൻ നഷ്ടമായത് നിസ്സാരമായി കാണാനാവില്ല. മരിച്ചവരിലും പരിക്കേറ്റവരിലും പാലക്കാടുജില്ല മുന്നിൽനിൽക്കുന്നു. 2025 ൽ വന്യജീവിയാക്രമണം കൂടുതലായി നേരിടുന്ന വയനാട്ടിൽ 2020–24 വർഷത്തിനിടെ 26 പേരാണു മരിച്ചത്. കാട്ടാനകൾ കൂട്ടമായെത്തി വീടുകൾ തകർക്കുകയും കൃഷി നശിപ്പിക്കുകയും മനുഷ്യജീവനു ഭീഷണിയാവുകയും ചെയ്യുന്നതിന്റെ പശ്ചാത്തലത്തിൽ, വീടും നാടുമൊഴിഞ്ഞുപോകാൻ കർഷകമക്കൾ നിർബന്ധിതരായിരിക്കുന്നു.

മനുഷ്യ-വന്യമൃഗസംഘർഷത്തിന് ഒരുപക്ഷേ, മനുഷ്യചരിത്രത്തോളംതന്നെ പഴക്കമുണ്ടായിരിക്കാം. കാട്ടിലെ കാലാവസ്ഥാവ്യതിയാനവും ഭക്ഷണ-കുടിവെള്ളക്ഷാമവും വന്യമൃഗങ്ങളുടെ വംശവർധനയും തുടങ്ങി ഒട്ടേറെ കാരണങ്ങളാലാണ് ഇപ്പോൾ സംഘർഷം മൂർച്ഛിച്ചിരിക്കുന്നത്. വന്യമൃഗങ്ങളെ സംരക്ഷിക്കണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. പക്ഷേ, അത്രത്തോളമെന്നല്ല, അതിലും കൂടുതലായിത്തന്നെ മനുഷ്യനു സ്വസ്ഥതയോടും മനസ്സമാധാനത്തോടും കൂടി ജീവിക്കാൻ അവകാശമുണ്ടെന്നും അതിനുംമേലേയാകരുത് ഒരു വന്യജീവിസംരക്ഷണനിയമവുമെന്ന ജനസ്വരമാണ് ഭരണകൂടത്തിനുമുന്നിൽ ഒറ്റക്കെട്ടായി മുഴങ്ങേണ്ടത്.

പ്രതിരോധപ്രവർത്തനത്തിനു സർക്കാർ ഇച്ഛാശക്തി കാണിക്കുക എന്നതുതന്നെയാണ് പരിഹാരമാർഗം. സൗരോർജവൈദ്യുതിവേലികൾ വനാതിർത്തികളിൽ വ്യാപകമായി നിർമിക്കണം. കേരളത്തിലെ വനങ്ങളുടെ അതിർത്തി 16,000 കിലോമീറ്ററാണെങ്കിലും, 550 കിലോമീറ്ററിൽമാത്രമാണ് ഇപ്പോൾ സൗരവേലിയുള്ളത്. കാടിനുള്ളിൽ കുടിവെള്ളവും ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുന്നതിൽ വനംവകുപ്പ്, പൊള്ളുന്ന ഈ കാലാവസ്ഥയിലെങ്കിലും പുതിയ പദ്ധതികൾക്കു രൂപം കൊടുക്കണം. മണ്ണിലെ സ്വാഭാവികജലാംശം ഇല്ലാതാക്കുന്ന അക്കേഷ്യ, യൂക്കാലിപ്റ്റ്സ്, മാഞ്ചിയം മുതലായ വൃക്ഷങ്ങൾ നീക്കം ചെയ്യണം. ആനയുടെ ഇഷ്ടഭോജനങ്ങളായ മുളയും ഈറ്റയും ഇല്ലിയും, ഫലവൃക്ഷങ്ങളായ പ്ലാവും മാവും ആഞ്ഞിലിയുമൊക്കെ വച്ചുപിടിപ്പിക്കണം.

മലയോരജനതയുടെ കാർഷികവൃത്തിയെയും വിളകളെയും ഏറെ ദോഷകരമായി ബാധിക്കുന്ന കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിച്ചു വെടിവച്ചുകൊല്ലാൻ കർഷകരെ അധികാരപ്പെടുത്തണം. അത്തരത്തിലൊരു നിർദേശം കേന്ദ്രവന്യമൃഗസംരക്ഷണനിയമത്തിൽ (62-ാം വകുപ്പ്) വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നടപ്പാക്കിത്തുടങ്ങിയിട്ടില്ല. നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ കാട്ടുപന്നികളെ കൊല്ലാൻ ഉത്തരവിട്ടിട്ടുണ്ട്. ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ കാട്ടുപന്നിയെ ക്ഷുദ്രജീവികളായി പ്രഖ്യാപിച്ചുകഴിഞ്ഞു.

വന്യമൃഗപ്പേടിയിൽ കഴിയുന്ന ഏതാണ്ട് ഒന്നരക്കോടിയോളം ജനങ്ങൾക്കു സ്വസ്ഥമായി ജീവിക്കാനാവണം. അത് ആരുടെയെങ്കിലും ഔദാര്യമല്ല, അവരുടെ അവകാശമാണ്. അത് മലയോരമേഖലയിലുള്ളവരുടെമാത്രമല്ല, കേന്ദ്രവും സംസ്ഥാനവും ഭരിക്കുന്ന അധികാരിവർഗത്തിന്റെയും തദ്ദേശഭരണമുൾപ്പെടെയുള്ള ജനപ്രതിനിധികളുടെയും കേരളത്തിലെ മുഴുവനാളുകളുടെയും ഉറക്കം കെടുത്തുന്ന ജീവൽപ്രശ്നമായി ഉയരണം. അവിടെയേ പാവപ്പെട്ട കർഷകമക്കളുടെ വനരോദനത്തിന് അറുതിയുണ്ടാവൂ.

# ഫാ. കുര്യൻ തടത്തിൽ പടിയിറങ്ങുന്നു



കഴിഞ്ഞ പതിമ്മൂന്നു വർഷമായി ദീപനാളം ചീഫ് എഡിറ്റർ എന്ന നിലയിലും, അഞ്ചുവർഷമായി സെന്റ് തോമസ് പ്രസ് & ബുക്ക്സ്റ്റാൾ മാനേജർ, ദീപനാളം സൊസൈറ്റി ഡയറക്ടർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചുവന്ന ഫാ. കുര്യൻ തടത്തിൽ പടിയിറങ്ങുന്നു. മൂന്നിലവ് സെന്റ് മേരീസ് ചർച്ച് വികാരിയായാണു പുതിയ നിയമനം. ഫെബ്രുവരി 22 നു ചാർജെടുക്കും.

നീണ്ട പതിമ്മൂന്നുവർഷകാലയളവിൽ ദീപനാളത്തെ കെട്ടിലും മട്ടിലും പരിഷ്കരിക്കുന്നതിൽ ഫാ. കുര്യൻ തടത്തിൽ വലിയ പങ്കുവഹിക്കുകയുണ്ടായി. കാലികപ്രധാനവും വൈവിധ്യമാർന്നതുമായ അനേകം വിഭവങ്ങൾ കൊണ്ട് അദ്ദേഹം വാരികയെ സമ്പന്നമാക്കി. രചനകളുടെ തിരഞ്ഞെടുപ്പിൽ അദ്ദേഹം കൈക്കൊണ്ട മൂല്യാധിഷ്ഠിത സമീപനം ദീപനാളത്തിന്റെ സ്വീകാര്യത വർധിപ്പിച്ചു. ഇതിനൊപ്പമോ ഇതിനെക്കാളേറെയോ ദീപനാളത്തിന്റെ സ്വീകാര്യത വർധിപ്പിച്ച ഒന്നായിരുന്നു, ഓരോ ആഴ്ചയിലും അദ്ദേഹം തയ്യാറാക്കിയിരുന്ന ശക്തമായ എഡിറ്റോറിയലുകൾ. മൂല്യസംരക്ഷണവും ഭാഷാസ്നേഹവും മുഖമുദ്രയാക്കിയ കുര്യനച്ചൻ ദീപനാളത്തിന്റെ ഓരോ പേജിലും അത് ഒരടിസ്ഥാനപ്രമേയമായി സ്വീകരിച്ചു. ഇതരകലാസാംസ്കാരികപ്രസിദ്ധീകരണങ്ങളോടു കിടപിടിക്കത്തക്കരീതിയിൽ ദീപനാളത്തെ മുൻനിരയിലേക്കു കൊണ്ടുവരുന്നതിൽ അദ്ദേഹം നടത്തിയ പരിശ്രമങ്ങൾ ഏറെ ശ്ലാഘനീയമാണ്.

അതുപോലെതന്നെ, അച്ചടിരംഗത്തെ മുൻനിരസ്ഥാപനമായി പാലാ സെന്റ് തോമസ് പ്രസ്സിനെ വളർത്തിയെടുക്കുന്നതിലും അദ്ദേഹം ശക്തമായ നേതൃത്വം നല്കി. ആധുനിക പ്രിന്റിങ് സംവിധാനത്തിലെ അവിഭാജ്യഘടകമായ സി.റ്റി.പി. മെഷീനും ലേസർപ്രിന്റിങ് മെഷീനും, ഉന്നതനിലവാരത്തിലുള്ള ജനറേറ്ററും സ്ഥാപിച്ചുകൊണ്ട് പ്രസ്സിന്റെ പ്രവർത്തനശേഷി മുമ്പത്തേക്കാൾ ഇരട്ടിയായി വർധിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. വിദേശമാതൃകകളോടു കിടപിടിക്കത്തക്കവിധം പൂർണമായും എ.സി.യിൽ സജ്ജീകരിച്ചിരിക്കുന്ന അതിവിശാലമായ സെന്റ് തോമസ് ആർട്ട് ഗാലറിയും നവീകരിച്ച ബുക്ക്സ്റ്റാളും റിലീജിയസ് ആൻഡ് ഡിവോഷണൽ ആർട്ടിക്കിൾ സെന്ററും അച്ചന്റെ ആസൂത്രണമികവിനുള്ള മികച്ച ഉദാഹരണങ്ങളാണ്. ചുരുങ്ങിയ കാലംകൊണ്ട് ദീപനാളം പബ്ലിക്കേഷൻസ് പുനരുജ്ജീവിപ്പിക്കാനും അനേകം പുസ്തകങ്ങൾ പുറത്തിറക്കാനും അദ്ദേഹത്തിനു കഴിഞ്ഞു.

കർമധീരനും സ്നേഹസമ്പന്നനുമായ ബഹു. കുര്യൻ തടത്തിലച്ചന് ദീപനാളം-സെന്റ് തോമസ് പ്രസ് കുടുംബാംഗങ്ങളുടെ പ്രാർഥനാനിർഭരമായ യാത്രാമംഗളങ്ങൾ!

– പത്രാധിപസമിതി




## വരുവിൻ നമുക്കു രമ്യതപ്പെടാം

ഗ്രന്ഥകർത്താ: ഫാ. സിറിയക് തെക്കേക്കുറ്റ്
പ്രസാധനം : ലൈഫ് ഡേ, കോട്ടയം – 04
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 60




*കുമ്പസാരം എന്ന കൂദാശയെപ്പറ്റി പ്രാഥമികമായ ഒരു അറിവ് ആദ്യകുമ്പസാരഅവസരത്തിൽ നേടുന്നുണ്ടെങ്കിലും, അത് ഫലപ്രദമായ വിധത്തിൽ പിന്നീട് നൽകാനും സ്വീകരിക്കാനും വേണ്ടുന്ന അറിവിന്റെ അഭാവം ഈ കാര്യത്തിലുണ്ട് എന്നതിനു സംശയമില്ല. ഈ കുറവു പരിഹരിക്കാൻ പര്യാപ്തമായ ഒരു ചെറുഗ്രന്ഥമാണിത്.*

## ITALIAN GRAMMAR
### EASY TO STUDY

Author : Chandy Plammoottil
Publishers : Simiba Publications, Kottayam
Distribution : St. Thomas Bookstall, Pala
Price : ₹ 500




The author, a distinguished linguist and polyglot, brings a wealth of experience from living in Italy and teaching world wide. With his profound expertise and practical approach, this book serves as an invaluable reference for scholars and enthusiasts alike, making Italian grammar accessible and easy to master.

ബാലനോവൽ **15** അന്തിനാട് ജോസ്



# കൊട്ടാരക്കെട്ടിലെ ഉറങ്ങാത്ത രാവുകൾ

**കാ**ർഫിയൂസും സംഘവും ആ കാഴ്ച കണ്ട് ഞെട്ടിയിരുന്നുപോയി. കണ്ണുകൾക്കു വല്ല തകരാറും സംഭവിച്ചോ എന്നുപോലും ഭയന്നു.

എല്ലാവരുടെയും ഹൃദയത്തുടിപ്പുകൾക്കു വേഗമേറി. കൈകൾ വിറയ്ക്കുന്നതുപോലെ. ശരീരം തളരുന്നതുപോലെ.

ഭടന്മാരുടെ തലവനും അതീവധൈര്യശാലിയുമായ സോയൂസുപോലും തെല്ലൊന്നു ഭയന്നു.

ഏതാനും മണിക്കൂറുകൾക്കു മുമ്പ് കല്ലുരുട്ടാൻ ശ്രമിക്കുന്നതിനിടയിൽ അമ്പേറ്റു പിടഞ്ഞുമരിച്ച ഭടൻ. അതേ രൂപം. അതേ മുഖം. ശരീരമാസകലം രക്തത്തിൽ നനഞ്ഞിരിക്കുന്നു. എങ്കിലും ആ നടത്തത്തിനു യാതൊരു മാറ്റവുമില്ല. ശരീരത്തിൽനിന്നു ലിറ്റർ കണക്കിന് രക്തം വാർന്നുപോയിട്ടും യാതൊരു ക്ഷീണവുമില്ല. പഴയതിലും ഊർജസ്വലനായി ഇതാ വീണ്ടും വന്നിരിക്കുന്നു. ഭയാനകമായ ഒരു രൂപവുമായി.

ആ മനുഷ്യരൂപത്തെ ഭടന്മാരും സോയൂസുമെല്ലാം വ്യക്തമായിക്കണ്ടു. എല്ലാ കണ്ണുകളിലും ഭീതി നിറഞ്ഞു.

"സോയൂസേ, നാമെന്താണീ കാണുന്നത്?" വിറയ്ക്കുന്ന സ്വരത്തോടെ മേഘനാദൻ ചോദിച്ചു.

മേഘനാദന്റെ ബുദ്ധിക്കും അതീതമായ ഒരു രംഗം. മേഘനാദൻ മെല്ലെ പറഞ്ഞു:

"ഇത് അമ്പേറ്റു മരിച്ചെന്നു കരുതിയ മനുഷ്യൻതന്നെയാണ്. എനിക്ക് എന്തോ ഒരു ഭയം തോന്നുന്നു. ഇനി ഇയാൾ വല്ല പ്രേതവുമാണോ?"

പ്രേതമെന്നു കേട്ടപ്പോൾ എല്ലാവർക്കും ഭയമായി. പിടഞ്ഞു മരിക്കുന്ന രംഗം എല്ലാവരും സ്വന്തം കണ്ണുകൾകൊണ്ടു കണ്ടതാണ്. ചോരവാർന്ന് നിശ്ചലമായിക്കിടക്കുന്ന ജഡം വളരെനേരം കഴിഞ്ഞാണ് മറ്റൊരു ഭടൻ തോളിലിട്ടു നടന്നത്. അപ്പോൾ ആ ശരീരം വാടിയ വള്ളിപോലെ തളർന്നാണു കിടന്നത്. പിന്നെങ്ങനെ അയാൾ ഇത്ര ആരോഗ്യവാനായി കടന്നുവരുന്നു? അമ്പേറ്റ ഭാഗത്തെ ദ്വാരംപോലും കാണാം. എല്ലാവരും ഭയത്തോടെ ശ്വാസമടക്കി അയാളെത്തന്നെ നോക്കിക്കൊണ്ടിരുന്നു.

മെല്ലെ പാറക്കല്ലിനു സമീപത്തേക്ക് അയാൾ നടന്നടുക്കുകയാണ്. ഇടയ്ക്കിടെ ചുറ്റും നോക്കുന്നു. ആരെയോ തിരയുന്നതുപോലെ...

കല്ലിനു സമീപം വന്നുനിന്ന് നിലത്തുകിടന്ന കൂറ്റൻ ഇരുമ്പുകമ്പി വീണ്ടും കൈയിലെടുത്തു. കുറേനേരം ആ കമ്പിയിലേക്കുതന്നെ നോക്കിനിന്നു. പെട്ടെന്ന് ആ കണ്ണുകൾ ബീഭത്സമായി. മുഖത്തെ പേശികൾ വലിഞ്ഞുമുറുകി. പല്ലുകൾ ഞെരിയുന്ന സ്വരം കാർഫിയൂസിനെയും ഭടന്മാരെയും ഭയാക്രാന്തരാക്കി.

സോയൂസുപോലും ഭയംകൊണ്ടു വിറച്ചു. ഏതു ധൈര്യശാലിയെയും പേടിത്തൊണ്ടനാക്കുന്ന രംഗം.

അയാൾ കമ്പി കല്ലിനിടയിലേക്കു കുത്തിക്കയറ്റിയശേഷം കമ്പിയിൽ പിടിച്ച് ആഞ്ഞൊരു തള്ള്. വലിയ ഹുങ്കാരവത്തോടെ കൂറ്റൻ പാറക്കല്ല് മൺതിട്ടകളെ ഇടിച്ച് മരങ്ങളെ കടപുഴക്കി താഴേക്കു പാഞ്ഞു. അവസാനം അത് നദിയിൽ വലിയൊരു ശബ്ദത്തോടെ വന്നുവീണു. രാത്രിയുടെ നിശ്ശബ്ദയാമങ്ങൾപോലും ആ സ്വരം കേട്ട് ഞെട്ടിവിറച്ചു. ഇനി എന്തു ചെയ്യണമെന്നറിയാതെ സോയൂസും മേഘനാദനും തരിച്ചിരുന്നു.

എന്താണ് ഇനി അവിടെ നടക്കുന്നതെന്ന് അവർ ശ്രദ്ധാപൂർവം വീക്ഷിച്ചു. അയാളുടെ അടുത്ത ലക്ഷ്യമെന്താണ്? കൂറ്റൻകല്ല് ഉരുട്ടിയിട്ട് അതീവക്രുദ്ധനായി തീ പാറുന്ന കണ്ണുകളോടെ നിൽക്കുകയാണ്.

അടുത്തനിമിഷം അയാൾ അത്യുച്ചത്തിൽ ആർത്തട്ടഹസിച്ചു. വന്യമായ, കിരാതമായ ഒരു പൊട്ടിച്ചിരി.

അതിനവസാനം അയാൾ അലറുന്ന സ്വരത്തിൽ അന്തരീക്ഷത്തിലേക്കു നോക്കി വെല്ലുവിളിച്ചു: "ആർക്കെങ്കിലും ധൈര്യമുണ്ടെങ്കിൽ എന്നെ അമ്പെയ്തു കൊല്ലൂ... ഹാ... ഹാ..." അയാൾ വീണ്ടും അലറിച്ചിരിച്ചു. "വരിനെടാ വരിൻ. ധൈര്യമുള്ളവരുണ്ടെങ്കിൽ വരിൻ. എല്ലാറ്റിനെയും കൊന്നു കൊക്കയിലെറിയും. ഇതു ഞാനാടാ ഞാൻ." അയാൾ വീണ്ടും പൊട്ടിച്ചിരിച്ചു. രാത്രിയുടെ വിജനതയിൽ അതൊരു ഇടിമുഴക്കമായി.



സോയൂസ് മെല്ലെ മേഘനാദന്റെ കാതിൽ മന്ത്രിച്ചു:

"ഇതു മരിച്ച മനുഷ്യനാണോയെന്നു സംശയമുണ്ട്. ഒരുപക്ഷേ, നമ്മളെ ഭയപ്പെടുത്താൻ ആരെങ്കിലും വേഷം മാറി വന്നതാണോയെന്നും സംശയമുണ്ട്. ഒരു അമ്പ് എയ്തുനോക്ക്."

മേഘനാദൻ ഒരു വില്ലെടുത്തു. പിന്നെ ഒരു അമ്പ് ആ മനുഷ്യരൂപത്തിനു നേർക്കു പാഞ്ഞുചെന്നു. അതിശക്തിയോടെ അമ്പ് ആ ശരീരത്തിൽ പതിച്ചതും വലിയൊരു ശബ്ദത്തോടെ അതു തെറിച്ചു നിലത്തേക്കു വീണു.

"ഹാ... ഹാ..." അയാൾ പൂർവാധികം ശക്തിയോടെ അലറിച്ചിരിച്ചു പറഞ്ഞു. "ഇനിയും എയ്യടാ പട്ടീ."

ഭയാനകമായ ആ ചിരിയുടെ അലകൾ കൂറ്റൻ മലനിരകളിൽത്തട്ടി പ്രതിധ്വനിച്ചു.

"അയാൾ ഇരുമ്പുകവചം ധരിച്ചിരിക്കുകയാണ്. അതാണ് അമ്പേൽക്കാത്തത്." സോയൂസ് പറഞ്ഞു.

"നമുക്ക് ഒരു നിമിഷംകൊണ്ട് അയാളെ കടന്നുപിടിച്ച് കീഴ്പ്പെടുത്തി ജീവനോടെ കൊണ്ടുപോകണം."

ഭടന്മാർ ഒന്നടങ്കം ആ ഇരുമ്പുമനുഷ്യന്റെമേൽ ചാടിവീണു. അയാൾ കുന്നിനു താഴേക്ക് ഓടി. പിന്നാലെ ഭടന്മാരും.

(തുടരും)

---

**ശ്രേഷ്ഠമലയാളം**



**ഡോ. ഡേവിസ് സേവ്യർ**

# ചിലയിടവും ചിലേടവും

**ഓ**രോ ഭാഷാഗോത്രത്തിനും തനതായ സവിശേഷതകളുണ്ട്. സംസ്കൃതം ഇൻഡോ - ആര്യൻ ഗോത്രത്തിലും മലയാളം ദ്രാവിഡഗോത്രത്തിലും ഉൾപ്പെട്ട ഭാഷകളാണ്. സംസ്കൃതത്തിലെ സ്വരങ്ങളുടെ പെരുമാറ്റരീതിയിലും മലയാളത്തിലെ സ്വരങ്ങളുടെ വിനിമയരീതിയിലും വൈജാത്യങ്ങൾ ഉണ്ട്. സംസ്കൃതത്തിൽ അകാര ഇകാരങ്ങൾ ചേർന്ന് ഏ എന്ന സ്വരമായിത്തീരുന്നു. ദേവ + ഇന്ദ്രൻ = ദേവേന്ദ്രൻ. (അ + ഇ = ഏ) എന്നാൽ, മലയാളത്തിൽ അങ്ങനെ സംഭവിക്കുന്നില്ല. അതായത്, പുഴ+ഇല്ല എന്നത് 'പുഴേല്ല' എന്നാകുന്നില്ല. സ്വരസംയോഗം വർജിക്കുക എന്നതാണ് ഭാഷാനയം. 'വർജിപ്പൂസ്വരസംയോഗം'* കാരിക 7 എന്ന കേരളപാണിനീയവിധി സുവിദിതമാണല്ലോ. അപ്പോൾ പുഴ + ഇല്ല = പുഴയില്ല എന്നേ മലയാളത്തിൽ വരൂ. നവ + ഉദയം സന്ധി ചെയ്യുമ്പോൾ, നവോദയം എന്നു വരുന്നത് സംസ്കൃതസന്ധിനിയമപ്രകാരമാണ്. (അ + ഉ = ഓ). മലയാളത്തിലാകട്ടെ പുഴ + ഉണ്ട് = പുഴയുണ്ട് എന്നേ വരൂ. 'പുഴോണ്ട്' എന്നാവാൻ വ്യവസ്ഥയില്ല*.

രണ്ടു ഭാഷകളുടെയും നിരന്തരസമ്പർക്കംകൊണ്ട് സ്വരങ്ങളുടെ പെരുമാറ്റരീതിയിൽ സംലയനം സംഭവിച്ചിട്ടുണ്ട്. അതുമൂലം സംസ്കൃതസന്ധിനിയമപ്രകാരവും മലയാളസന്ധിനിയമപ്രകാരവും ഒരേ പദത്തെ നിർധാരണം ചെയ്യാമെന്നു വന്നു. ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി സമർഥിക്കാം: ചില+ഇടം= ചിലേടം (അ+ഇ= ഏ) എന്നായത് ഗുണസന്ധിയനുസരിച്ചാണ്. മലയാളസന്ധിപ്രകാരം ചില + ഇടം = ചിലയിടം എന്നാണു വരേണ്ടത്. സ്വരമധ്യത്തിലെ യകാരാഗമം ആഗമസന്ധിക്കുദാഹരണമാണ്. രണ്ടു രൂപങ്ങളും ശരിയെന്ന മട്ടിലാണ് ഇന്നു പ്രചരിക്കുന്നത്. അതായത്, സംസ്കൃതത്തിലെ ഗുണസന്ധിയും മലയാളത്തിലെ ആഗമസന്ധിയും ചിലയിടങ്ങളിൽ സങ്കുലഭാവം കൈവരിക്കുന്നു. കരി + ഇല = കരീല; കരിയില; വാഴ + ഇല = വാഴേല, വാഴയില എന്നാകുന്നിടത്തും ഭാഷാസങ്കുലത്വം കാണാം.

'അത്തിയെന്നു ചിലേടത്തു' (കാരിക 45) 'രണ്ടു കർമം ചിലേടത്ത്' (കാരിക 84) എന്നെല്ലാമാണല്ലോ കേരളപാണിനി പ്രയോഗിച്ചിട്ടുള്ളത്.

* രാജരാജവർമ, ഏ.ആർ., കേരളപാണിനീയം, എൻ.ബി. എസ്. കോട്ടയം, 1988, പുറം - 126

** നാരായണമേനോൻ, പ്രൊഫ., വ്യാകരണപാഠങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ, 2018, പുറം - 108.

---

**കവിത** **സുരേന്ദ്രൻ ശ്രീമൂലനഗരം**

# വാക്ക്

വാക്കൊരു താക്കോൽ ചിലപ്പൊഴെല്ലാം - നല്ല
വാക്കിനാൽ ഹൃദയം തുറക്കാം
ഹൃദയം തുറക്കാതടപ്പിച്ചു നാക്കിനാൽ
വെറുതെ വെറുപ്പിച്ചു നിർത്താം
തോക്കുകൾപോലെ മനം തകർത്തീടുമേ
കാക്കണം പറയുന്ന വാക്ക്
നരകവും വാക്കിനാലാവും പലപ്പൊഴും
നരനായി സ്വർഗം ചമയ്ക്കാൻ
നിറമുള്ള നേർത്ത വെളിച്ചമായി - പദം
നിറവോടെ മുന്നിൽ നയിക്കാം
ഇഹലോകകഷ്ടം മറന്നിട്ടു ചൊല്ലിന്റെ
ലഹരിയിൽ നീന്തിത്തുടിക്കാം
മധുരമായിട്ടുള്ള വാണികൾ കോപിതൻ
മനതാരിൽ താപം കുറയ്ക്കാം
പരുപരുപ്പേറും വചനം സമൂഹത്തിൽ
പരുഷമാം സ്പർശം വരുത്താം
പൊള്ളുന്ന വാക്യങ്ങൾ ചൊല്ലിപ്പറഞ്ഞിട്ടു
മുള്ളുപോൽ കുത്തിനോവിക്കാം
ലപിതതാളത്തിൽ ചിറകടി മർത്ത്യരെ
തരളമാം ശ്രുതി ചേർത്തുണർത്താം
വചസ്സിന്റെ മാന്ത്രികവ്യോമയാനത്തിൽ നാം
നഭസ്സുകൾ താണ്ടിപ്പറക്കാം
പദസ്വത്തുകൊണ്ടു സമൂഹദുഃഖങ്ങളെ
കൃതി ചേർത്തു വെട്ടത്തുവയ്ക്കാം
പൂക്കുന്ന വാക്കിനാൽ കഥയും കവിതയും
വായ്ക്കുന്ന ജ്വാലയായ് മാറ്റാം
നഞ്ചിൽ പൊതിഞ്ഞു പകരും വചനങ്ങൾ
നെഞ്ചകം ഗരളം നിറയ്ക്കാം
എന്തോ പറയുവാൻ ബാക്കി നിൽക്കേ നാവു
പൊന്താതെ വാക്കും മരിക്കാം

# ഗാസയെ ട്രംപ് പുനർനിർമിക്കുമോ?



തോമസ് കുഴിഞ്ഞാലിൽ

"ഗാസാ നിർജനമാകും, അഷ്കലോൺ ശൂന്യമാകും. അഷ്ദോദിലെ ജനങ്ങൾ മധ്യാഹ്നത്തിൽ തുരത്തപ്പെടും. കടൽത്തീരനിവാസികളേ, ക്രേത്യജനമേ, നിങ്ങൾക്കു ദുരിതം! കർത്താവിന്റെ വചനം നിങ്ങൾക്കെതിരാണ്. ഫിലിസ്ത്യദേശമായ കാനാൻ, ഒരുവൻപോലും അവശേഷിക്കാത്തവിധം നിന്നെ ഞാൻ നശിപ്പിക്കും" (സെഫാനിയാ 2:4-5).

പ്രവാചകനായ സെഫാനിയായ്ക്കുപുറമേ ജറെമിയായും ആമോസും സഖറിയായുമെല്ലാം ഗാസയുടെ തകർച്ചയെക്കുറിച്ചു പ്രവചിച്ചിട്ടുള്ളത് ശ്രദ്ധേയമാണ്.

ആമോസിന്റെ പുസ്തകത്തിൽ കർത്താവ് ഇപ്രകാരം അരുൾ ചെയ്യുന്നു: "ഗാസാ ആവർത്തിച്ചുചെയ്ത അതിക്രമങ്ങൾക്കുള്ള ശിക്ഷ ഞാൻ പിൻവലിക്കുകയില്ല. കാരണം, ഏദോമിനു വിട്ടുകൊടുക്കാൻവേണ്ടി ഒരു ജനത്തെ മുഴുവൻ അവർ തടവുകാരാക്കി. ഗാസായുടെ മതിലിന്മേൽ ഞാൻ അഗ്നി അയയ്ക്കും. അവളുടെ ശക്തിദുർഗങ്ങളെ അതു വിഴുങ്ങിക്കളയും. അഷ്ദോദിൽനിന്ന് അതിലെ നിവാസികളെ ഞാൻ വിച്ഛേദിക്കും; അഷ്കലോണിൽനിന്നു ചെങ്കോലേന്തുന്നവനെയും. എക്രോണിനിതിരേ ഞാൻ കൈയുയർത്തും. ഫിലിസ്ത്യരിൽ അവശേഷിക്കുന്നവർ നശിക്കും. ദൈവമായ കർത്താവാണ് അരുൾ ചെയ്യുന്നത്" (ആമോസ് 1:6-8).

ഫിലിസ്ത്യർ ഇസ്രയേല്യരുടെമേൽ അധീശത്വം പുലർത്തിയിരുന്ന കാലത്ത് 20 വർഷം ന്യായാധിപനായിരുന്ന സാംസന്റെ ജീവചരിത്രത്തിലും ഗാസയെക്കുറിച്ചു പരാമർശമുണ്ട് (ന്യായാ 16:21). മധ്യപൂർവദേശത്ത് ഇപ്പോൾ ചുരുളഴിയുന്ന സംഭവവികാസങ്ങൾ ഗാസയെക്കുറിച്ചുള്ള പ്രവചനങ്ങളോടു ചേർത്തു വായിക്കാമെന്നു തോന്നുന്നു.

**മുൻകാലചരിത്രം**

ഗ്രീസിനും തുർക്കിക്കും ഇടയിലുള്ള ഈജിയൻ കടലിടുക്കിൽ സ്ഥിതി ചെയ്യുന്ന ക്രീറ്റ് ദ്വീപിൽനിന്നു ബി സി 12-ാം നൂറ്റാണ്ടിൽ മെഡിറ്ററേനിയൻകടലിന്റെ കിഴക്കൻ തീരത്ത് കുടിയേറിയവരാണ് ഫിലിസ്ത്യർ. 'ക്രേത്യജനമേ' എന്ന് തിരുവചനത്തിൽ അവരെ വിശേഷിപ്പിച്ചിട്ടുള്ളത് ഇതിനുള്ള സ്ഥിരീകരണമാണ്. മെഡിറ്ററേനിയൻതീരത്തു ഗാസ, അഷ്കലോൺ, അഷ്ദോദ്, ഗാത്ത്, എക്രോൺ തുടങ്ങിയ അഞ്ചു നഗരരാഷ്ട്രങ്ങൾ സ്ഥാപിച്ച് അവർ ഭരണം നടത്തി. കരമാർഗം കിഴക്കോട്ടു വ്യാപിക്കാനുള്ള അവരുടെ ശ്രമങ്ങൾ ഇസ്രയേല്യരുമായുള്ള നിരന്തര യുദ്ധങ്ങൾക്കു വഴിവച്ചു. അപ്രകാരം എബ്നേസറിൽ നടന്ന ഒരു യുദ്ധത്തിലാണ് യഹൂദർ ഏറ്റവും പൂജ്യമായി സൂക്ഷിച്ചുപോന്ന 'വാഗ്ദാനപേടകം' ഫിലിസ്ത്യരുടെ കൈകളിൽപ്പെട്ടത്. പുരോഹിതനായ ഏലിയുടെ പുത്രന്മാരായ ഹോഫ്നിയും ഫിനെഹാസും ഉൾപ്പെടെ 34,000 ഇസ്രയേല്യർ വധിക്കപ്പെടുകയും ചെയ്തു. ആട്ടിടയനായിരുന്ന ദാവീദിന്റെ കൈകളാൽ വധിക്കപ്പെട്ട ഭീമാകാരനായ ഗോലിയാത്തിന്റെ ജന്മദേശമായിരുന്നു ഗാത്ത്. ദാവീദുരാജാവിന്റെ നാല്പതു വർഷ ഭരണകാലത്താണ് (ബി സി 1010 - 970) എഷ്കലോണും എഷ്ദോദും ഗാത്തും എക്രോണും ഇസ്രയേൽ കൈവശപ്പെടുത്തിയതത്.

ബി സി 730 ൽ അസ്സീറിയൻസൈന്യവും, 601 ൽ ബാബിലോണും, 539 ൽ പേർഷ്യയും 332 ൽ അലക്സാണ്ടർ ചക്രവർത്തിയും ഗാസ കീഴടക്കി. ജനറൽ പോംപെയുടെ കീഴിലുള്ള റോമൻസൈന്യം ബി സി 63 ൽ വാഗ്ദത്തനാടുകളിലെത്തി. എ ഡി 638 മുതൽ ആദ്യകുരിശുയുദ്ധം വിജയിക്കുന്നതുവരെയുള്ള നാലു നൂറ്റാണ്ടുകളാണ് മുസ്ലീംകൾ വിശുദ്ധനാടുകളിൽ ഭരണം നടത്തിയത്. എ ഡി 1516 ൽ പലസ്തീൻ പിടിച്ചെടുത്ത ഓട്ടോമൻ തുർക്കികൾ 1918 വരെ അവിടെ ഭരണകർത്താക്കളായിരുന്നു. ഒന്നാം ലോകയുദ്ധത്തിൽ തുർക്കികളെ പരാജയപ്പെടുത്തിയ ബ്രിട്ടൻ, ഗാസ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ കൈവശപ്പെടുത്തി. 1948 മേയ് 14 ന് ഐക്യരാഷ്ട്രസംഘടനയുടെ നേതൃത്വത്തിൽ ഇസ്രയേൽ രാഷ്ട്രം രൂപീകരിക്കുന്നതുവരെ ബ്രിട്ടന്റെ ഭരണം തുടർന്നു.

യഹൂദർക്കും പലസ്തീനികൾക്കുമായി ഐക്യരാഷ്ട്രസംഘടന രൂപംകൊടുത്ത 'ദ്വിരാഷ്ട്രഫോർമുല' അംഗീകരിക്കാതിരുന്ന അറബ് രാജ്യങ്ങൾ ഈജിപ്ത്, സിറിയ, ഇറാക്ക്, ലബനൻ എന്നിവയുടെ നേതൃത്വത്തിൽ ഇസ്രയേലിനെതിരേ യുദ്ധം പ്രഖ്യാപിച്ചു. പലസ്തീനികൾക്ക് ഒരു രാജ്യം കിട്ടിയില്ലെങ്കിലും വേണ്ടില്ല, ഇസ്രയേലിനെ ഭൂമിയിൽനിന്ന് ഇല്ലായ്മ ചെയ്യും എന്ന പ്രതിജ്ഞയോടെയായിരുന്നു യുദ്ധം. 1949 ൽ യുദ്ധം അവസാനിക്കുമ്പോഴേക്കും ഗാസ ഈജിപ്തിന്റേതായിക്കഴിഞ്ഞിരുന്നു. ലക്ഷക്കണക്കിനു പലസ്തീനികൾക്കാണ് അയൽരാജ്യങ്ങളിലേക്കു പലായനം ചെയ്യേണ്ടിവന്നത്. 1967 ലെ ആറുദിനയുദ്ധത്തിൽ ഈജിപ്തിൽനിന്ന് ഗാസയും സിനായ് മരുഭൂമിയും സിറിയയിൽനിന്ന് ഗൊലാൻകുന്നുകളും ജോർദാനിൽനിന്നു വെസ്റ്റ് ബാങ്കും ഇസ്രയേൽ പിടിച്ചെടുത്തു. 1993 ലെ ഓസ്‌ലോ ഉടമ്പടിയിൽ 365 ചതുരശ്രകിലോമീറ്റർ വിസ്തീർണമുള്ള ഗാസാമുനമ്പും 5,860 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള വെസ്റ്റ് ബാങ്കും പലസ്തീൻ ലിബറേഷൻ ഓർഗനൈസേഷനു വിട്ടുനല്കി. പി എൽ ഒ യുടെ ഉപവിഭാഗമായ ഫത്താ പാർട്ടിയുടെ മഹ്മൂദ് അബ്ബാസ് 2005 മുതൽ വെസ്റ്റുബാങ്കിൽ പ്രസിഡന്റാണ്. ഗാസയിലാകട്ടെ, 2006 ലെ തിരഞ്ഞെടുപ്പിൽ വിജയിച്ച ഹമാസ് എന്ന ഭീകരസംഘടനയുടെ നേതാവായ ഇസ്മൈൽ ഹനിയയും ഭരണം ഏറ്റെടുത്തു. 193 അംഗ ഐക്യരാഷ്ട്രസംഘടനയിലെ 146 രാജ്യങ്ങളും പലസ്തീൻ രാഷ്ട്രത്തെ അംഗീകരിച്ചിട്ടുണ്ട്.

**സമാനതകളില്ലാത്ത ദുരന്തം**

2023 ഒക്ടോബർ ഏഴിന് ഇസ്മയിൽ ഹനിയയുടെ നേതൃത്വത്തിലുള്ള ഹമാസ് ഭീകരർ ഇസ്രയേലിൽ നടത്തിയ ആക്രമണങ്ങൾക്കു സമാനതകളില്ല. 60 ലക്ഷം യഹൂദരുടെ ജീവനെടുത്ത ഹോളോകോസ്റ്റിനുശേഷം യഹൂദജനം നേരിട്ട ഏറ്റവും വലിയ വംശഹത്യയ്ക്കാണ് ലോകം സാക്ഷിയായത്. 1973 ലെ യോം കിപ്പൂർ യുദ്ധത്തിനുശേഷം നടന്ന ഏറ്റവും നിന്ദ്യവും കിരാതവുമായ ആക്രമണമാണ് അന്നു നടന്നത്. ഗാസാമുനമ്പിന്റെ വടക്കും കിഴക്കുമുള്ള അതിർത്തിവേലികൾ 119 ഇടങ്ങളിൽ ഭേദിച്ച് ഇസ്രയേലിൽ കയറിയ 6,000 ഹമാസ്ഭീകരർ കുഞ്ഞുങ്ങളടക്കം 1,200 പേരെയാണു വധിച്ചത്. കഴുത്തറുത്തും കൈകാലുകൾ വെട്ടിമാറ്റിയും വെടിയുതിർത്തും കൊന്നവരുടെ മൃതദേഹങ്ങൾ കൂട്ടിയിട്ടു തീകൊളുത്തുകയായിരുന്നു. അമേരിക്കയിൽനിന്നുള്ള 46 പേരെ കൂടാതെ 30 വിദേശരാജ്യങ്ങളിൽനിന്നുള്ള വിനോദസഞ്ചാരികളും ഏതാനും ഇസ്രയേലി സൈനികരും 30 കുട്ടികളുമടക്കം 251 പേരെ ബന്ദികളാക്കി ഗാസയിലേക്കു കടത്തി. ഭൂമിക്കടിയിലുള്ള തുരങ്കങ്ങളിലും രഹസ്യ അറകളിലും അജ്ഞാതകേന്ദ്രങ്ങളിലും പാർപ്പിച്ച ബന്ദികളിൽ ഇസ്രയേലിന് ഇതുവരെ മോചിപ്പിക്കാനായത് 141 പേരെമാത്രമാണ്. ശേഷിക്കുന്നവരിൽ എത്ര പേർ ജീവിച്ചിരിപ്പുണ്ടെന്നതിന് രണ്ടു കൂട്ടർക്കും കൃത്യമായ കണക്കുണ്ടെന്നു തോന്നുന്നില്ല.

ഏറ്റവുമൊടുവിൽ, ഇക്കഴിഞ്ഞ 15-ാം തീയതി ശനിയാഴ്ച ഹമാസ് വിട്ടയച്ച മൂന്നു ബന്ദികൾക്കുപകരം 369 തടവുകാരെ ഇസ്രയേൽ വിട്ടയച്ചിട്ടുണ്ട്. താൻ അമേരിക്കൻപ്രസിഡന്റായി അധികാരമേൽക്കുന്ന ജനുവരി 20 നു മുമ്പ് ബാക്കിയുള്ള മുഴുവൻ ബന്ദികളെയും വിട്ടയച്ചില്ലെങ്കിൽ ഗാസയിൽ 'തീമഴ പെയ്യിക്കു'മെന്ന് ട്രംപ് ഭീഷണി മുഴക്കിയിരുന്നു. ഏതായാലും, ആറ് ആഴ്ചത്തെ താത്കാലിക വെടിനിർത്തൽ കരാറിനും ബന്ദിവിമോചനത്തിനും മധ്യസ്ഥത വഹിക്കാൻ കഴിഞ്ഞത് ട്രംപിന്റെ നയതന്ത്രനേട്ടങ്ങളിൽ പ്രധാനമായി എണ്ണപ്പെടും.



ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും യു എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപും വാഷിംഗ്ടണിൽ കണ്ടുമുട്ടിയപ്പോൾ

**ഗാസ മധ്യപൂർവദേശത്തെ 'സുഖവാസകേന്ദ്രം'**

ഇതിനിടെ, ഗാസാമുനമ്പ് ഏറ്റെടുത്ത് മെഡിറ്ററേനിയൻ കടൽത്തീരത്തെ ഏറ്റവും പ്രശസ്തമായ ഉല്ലാസകേന്ദ്രമാക്കാമെന്ന ഡൊണാൾഡ് ട്രംപിന്റെ നിർദേശം സകലരെയും ഞെട്ടിച്ചിരിക്കുകയാണ്. പലസ്തീൻജനതയെ ഗാസാമുനമ്പിൽനിന്ന് ഒഴിപ്പിച്ച് ഈജിപ്ത്, ജോർദാൻ തുടങ്ങിയ രാജ്യങ്ങളിലേക്കു മാറ്റിപ്പാർപ്പിച്ചശേഷമായിരിക്കും തന്റെ തീരുമാനം നടപ്പാക്കുകയെന്നും ട്രംപ് കൂട്ടിച്ചേർത്തു. എന്നാൽ, ട്രംപിന്റെ നിർദേശം തന്റെ അമേരിക്കൻസന്ദർശനത്തിനിടെ നിരാകരിച്ച ജോർദാനിലെ അബ്ദുള്ള രാജാവ്, ഗുരുതരമായ രോഗം ബാധിച്ചുവെന്നു കരുതപ്പെടുന്ന 2,000 പലസ്തീൻ കുട്ടികളെ സ്വീകരിക്കാനും തുടർചികിത്സ നല്കാനും തയ്യാറാണെന്നും വ്യക്തമാക്കി. സ്വന്തം നാട്ടിൽ ജനിച്ചുവളർന്ന ഒരു ജനതയെ മുഴുവൻ അവിടെനിന്നു ബലമായി ഒഴിപ്പിക്കുന്നതും, മറ്റൊരു രാജ്യത്ത് അഭയാർഥികളെപ്പോലെ കഴിയേണ്ടിവരുന്നതും അന്താരാഷ്ട്രമനുഷ്യാവകാശനിയമങ്ങൾക്കെതിരാണെന്ന് ഫ്രാൻസ് പ്രതികരിച്ചു. ദ്വിരാഷ്ട്രസിദ്ധാന്തത്തെ അംഗീകരിക്കാൻ ഇസ്രയേൽ തയ്യാറായാൽ പ്രശ്നങ്ങൾക്കു ശാശ്വതപരിഹാരം കാണാനാകുമെന്നാണ് ജർമനി, ചൈന, റഷ്യ എന്നീ രാജ്യങ്ങൾ അഭിപ്രായപ്പെട്ടത്.

42 ദിവസത്തെ താത്കാലികവെടിനിർത്തൽകരാർപ്രകാരം സ്വന്തം വീടുകളിരുന്ന സ്ഥലത്തേക്കു മടങ്ങിയെത്തിയ പലസ്തീൻകാർക്ക് തകർന്നടിഞ്ഞ കെട്ടിടാവശിഷ്ടങ്ങളും റോഡുകളുംമാത്രമേ കാണാനാകുന്നുള്ളൂ. മുനമ്പിലെ 90 ശതമാനം വീടുകളും വാസയോഗ്യമല്ലാതായതിനാൽ താത്കാലികകൂടാരങ്ങളിലാണു താമസം. വീടുകൾക്കുപുറമേ വിദ്യാലയങ്ങളും ആശുപത്രികളും ആരാധനാലയങ്ങളുമെല്ലാം തകർന്നുകിടക്കുന്നു. ഭക്ഷണവും വെള്ളവുംമാത്രമല്ല, ഉടുതുണിക്കു മറുതുണിയില്ലാതെ ജനം കഷ്ടപ്പെടുകയാണ്. മുനമ്പിന്റെ പുനർനിർമാണത്തിനു പതിറ്റാണ്ടുകൾ വേണ്ടിവരുമെന്നും, 5,300 കോടി അമേരിക്കൻ ഡോളറെങ്കിലും ചെലവിടേണ്ടിവരുമെന്നും യു എൻ കണക്കാക്കിയിട്ടുണ്ട്. ഗാസയിലെ 23 ലക്ഷം ജനങ്ങളെ ഒഴിപ്പിക്കുകയെന്ന ഭഗീരഥപ്രയത്നം നടപ്പാകുമ്പോൾ അത്, ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവചനങ്ങളുടെ പൂർത്തീകരണമാണെന്നു കാണാൻ കഴിയും. ■



നോവൽ 4

സൂസൻ പാലാത്ര

# കാറ്റിന്റെ മർമരങ്ങൾ

തങ്ങൾ കുട്ടികളായിരുന്നപ്പോൾ കുക്കിയെയുംകൂട്ടി തോട്ടിൽ കുളിക്കാൻ പോയ സംഭവമോർത്ത് ലിസി ഊറിച്ചിരിച്ചു. കുക്കി അതിസുന്ദരിയാണ്. നല്ല നിറം. ഫാഷൻവസ്ത്രങ്ങൾ, ഫാഷനിലുള്ള നടത്തം. അക്കാലത്ത് പത്തമ്പലത്തെ ഭൂരിപക്ഷം ആൾക്കാരും തോട്ടിലാണ് കുളിക്കുന്നത്. മുള്ളനാക്കുഴിത്തോടിന്റെ അക്കരെയിക്കരെ താമസിക്കുന്ന രമണിയും പ്രസന്നയുമൊക്കെ തന്റെ കുക്കിയെ ഒന്നു ശരിക്കു കാണട്ടെ. അഭിമാനപുരസ്സരം, വലിയ ഗമയിലാണ് താൻ അവർക്കൊക്കെ കുക്കിയെ പരിചയപ്പെടുത്തിയത്. തന്നെക്കാൾ ഒരുവയസ്സിനിളപ്പമാണ് കുക്കി. ചെറിയ കുട്ടിയെങ്കിലും അവൾ തന്നെയും ചേച്ചിയെയുംകൊണ്ട് ഒരു ഫാമിലി ബഡ്ഷീറ്റ് മേൽപ്പുരയില്ലാത്ത ഒരു കുളിമുറി പോലെ പിടിപ്പിച്ച് അതിനുള്ളിൽ നിന്ന് കുളിച്ചു. തങ്ങളെ സഹായിക്കാൻ രമണിയും പ്രസന്നയും വന്നെങ്കിലും കുക്കി സമ്മതിച്ചില്ല. കുക്കിയുടെ കഴുത്തിലെ കനംകുറഞ്ഞ നൂലുപോലെയുള്ള സ്വർണമാല കണ്ടപ്പോൾ തനിക്കും കൊതിയായി. അത്തരമൊന്നു കിട്ടിയിരുന്നെങ്കിൽ! ഏതായാലും കുക്കിയോടൊന്നു ചോദിച്ചുനോക്കാം.

'പോയാലൊരു വാക്ക്, കിട്ടിയാലൊരാന'

''കു...ക്കീ.... കു...ക്കീ... എനിക്ക് ഒരു മാല തരാമോ?" കഴുത്തിൽ കൈവളച്ച്, മാല പോലെ ആംഗ്യം കാണിച്ച്, ഇംഗ്ലീഷും ഹിന്ദിയും മറാഠിയും വെള്ളംപോലെ സംസാരിക്കുന്ന മലയാളം അറിയാത്ത കുക്കിയോടു ചോദിച്ചു. അവളുടെ പ്ലക്ക് ചെയ്ത് ഷേപ്പ് വരുത്തിയപോലത്തെ മഴവിൽപുരികങ്ങൾ മുകളിലേക്കുയർത്തി അവൾ ചോദിച്ചു: "ചെയിൻ?"

"ആ... ആ... അതേ ചെയിൻ യെസ് ചെയിൻ," ഇംഗ്ലീഷ് ഭാഷയിലെ യേസും നോയും മാത്രമറിയാവുന്ന താൻ അഭിമാനവിജൃംഭിതയായി, ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്തതിൽ.

കുക്കി തലകുലുക്കി കൈകൊണ്ട് ഒരു ആംഗ്യം കാണിച്ച്, ഇംഗ്ലീഷിൽ വളരെ വേഗത്തിൽ എന്തോ പറഞ്ഞു. താൻ മനസ്സിലാക്കിയതിപ്രകാരമാണ്: ഡാഡിനോടും മമ്മായോടും പറഞ്ഞു വാങ്ങിത്തരാമെന്ന്. താൻ സമ്മതാർത്ഥത്തിൽ തലകുലുക്കി. എന്നിട്ട് മെല്ലെപ്പറഞ്ഞു: "ആയിക്കോട്ടെ."

കുക്കിയെ തറവാട്ടിൽകൊണ്ടാക്കി വല്യമ്മച്ചി കാണാതെ ഓടിപ്പോന്നു. കണ്ടാൽ കൂലിയില്ലാവേല എത്രവേണേലും ചെയ്യിപ്പിക്കും, അടിമപ്പണി. ഇന്നാണെങ്കിൽ ബാലവേല എടുപ്പിക്കുന്നത് ശിക്ഷാർഹമാണ്. ചൈൽഡ് ലൈനിലോ പൊലീസിലോ അറിയിച്ചാൽ നടപടി ഉറപ്പ്. അന്നിത്തരം പരിപാടി ഉണ്ടായിരുന്നെങ്കിൽ തീർച്ചയായും താൻ വല്യമ്മച്ചിയെ അഴിക്കുള്ളിലാക്കി ഉണ്ട തീറ്റിച്ചേനേ, മൂന്നുതരം.

താൻ വീട്ടിൽവന്ന് തലമുടി കോതിക്കൊണ്ടിരിക്കുമ്പോൾ കുക്കിയുടെ തേനൂറുന്ന മധുരസ്വരം!

ഹൊ! ആ സ്വരമാധുരി അവർണനീയംതന്നെ!

ദൈവത്തിനു ചിലരെ വലിയ ഇഷ്ടമാണ്. അവർക്കു ധാരാളം പണം, സൗന്ദര്യം, നല്ല സ്വരമാധുരി, മാതാപിതാക്കളുടെയും കുടുംബക്കാരുടെയും ലാളന എല്ലാംകിട്ടും. ചിലർക്കാണെങ്കിലോ, തന്റെപോലത്തെ ദുരവസ്ഥകളും. എന്നിരുന്നാലും അവൾക്കു ദൈവത്തോടു നന്ദിമാത്രമേയുള്ളൂ. കാരണം, പാവങ്ങളാണെങ്കിലും നല്ല സ്നേഹവും കരുതലുമുള്ള മാതാപിതാക്കളും വഴക്കുപിടിച്ചാലും പരസ്പര സ്നേഹമുള്ള സഹോദരങ്ങളും തനിക്കുണ്ടല്ലോ.

ലിസി എത്ര പ്രാവശ്യം ദിവാസ്വപ്നം കണ്ടിട്ടുണ്ട്, താൻ തിരസ്കരണീമന്ത്രം വശമാക്കിയിട്ട് കരോട്ടെ അടുക്കളയിൽ കയറി മുക്കുമുട്ടെ മൃഷ്ടാന്നഭോജനങ്ങൾ കഴിക്കുന്നതായും തറവാട്ടുവീട്ടിൽനിന്ന് മുഖത്തു പുരട്ടുന്ന ഹിമാലയൻ സ്നോയും യാർഡ്‌ലി പൗഡറും ഒക്കെ പെറുക്കിയെടുത്ത് അന്തസ്സായി നടക്കുന്നതായുമൊക്കെ. തറവാട്ടിലെ ഊണുമേശയിൽ വിഭവങ്ങൾ വിളമ്പുമ്പോഴും എല്ലാവരും അവിടെയിരുന്ന് ആഹരിക്കുമ്പോഴും ഐറ്റങ്ങളുടെ എണ്ണം കുറയുമ്പോൾ വല്യമ്മച്ചിയും മറ്റുള്ളവരും പരിഭ്രമിക്കുന്നത് മനോമുകുരത്തിൽ കണ്ട് അവൾ ഊറിച്ചിരിക്കാറുണ്ട്.

"ലിസിമോളേ, നിന്നെ ദേ കുക്കി വിളിക്കുന്നു." അമ്മ പറഞ്ഞു. എന്നിട്ട് അമ്മ വേദനയോടെ തുടർന്നു: "ദൈവമേ വീണ്ടും എന്റെ കുഞ്ഞിനെ 'കോരാൻ' വിളിക്കുന്നല്ലോ."

മേഴ്സി പറഞ്ഞു: "ഇല്ലമ്മേ ഒന്നും കോരാനൊന്നുമല്ല, അവൾ കുക്കിയോടു മാല ചോദിച്ചിട്ടുണ്ട്, അതു കൊടുക്കാനായിരിക്കും."

"ആ കിട്ടിയതുതന്നെ. അതിന് മറിയക്കുട്ടീം ഒക്കെ സമ്മതിച്ചെങ്കിലല്ലേ കിട്ടൂ."

"ഏതായാലും അവളു ചെല്ലട്ടെ, നമുക്കു കാണാം."

ലി ...സ്യൂ... ലി...സ്യൂ ...വേർ ആർ യൂ? കുക്കിയുടെ ശബ്ദം കേൾക്കാം.

കുക്കി പറഞ്ഞു: ''ഡാഡി കോളിങ് യൂ."

കുക്കി സ്നേഹത്തോടെ തന്റെ വലതുകരം ഗ്രഹിച്ച് തന്നെ ഒപ്പംകൂട്ടിക്കൊണ്ടു പോയി ഡോറിനാന്റിയുടെ അടുത്തെത്തിച്ചു. ഡോറിനാന്റി ചിരിച്ചു. അവരുടെ ചിരിയെന്തു മനോഹരമാണ്. മുല്ലമൊട്ടുകൾപോലെ ഭംഗിയുള്ള പല്ലുകൾ. അവർ ചിരിക്കുമ്പോൾ കവിളുകളിൽ മഴവില്ലു വിരിയും. കണ്ണുകൾ തിളങ്ങും, നീല പളുങ്കുഗോലികൾ പോലെ. അവരുടെ നുണക്കുഴികളുള്ള മഴവിൽക്കവിളുകളിൽ കുസൃതിച്ചിരി വിരിഞ്ഞു.

"മാ.. റ്റ്യൂ .. സ്, മാ..റ്റ്യൂ ...സ്, അവർ മാത്തുപ്പാപ്പന്റെ തോളിൽ



ത്തട്ടി ചിരിച്ചു. രാജീവുഗാന്ധിയുടെ മുഖച്ഛായയുള്ള മാത്തൂട്ടിപ്പാപ്പൻ ഊറിച്ചിരിച്ചുകൊണ്ടു പറഞ്ഞു: "എടീ ഭയങ്കരീ, നീയൊരു സംഭവംതന്നെയാണല്ലോ, നീ ബഹുമിടുക്കിയാണല്ലോടീ."

എന്നിട്ട് അവരെല്ലാവരും കൂടി തിമിർത്തുചിരിച്ചു. കുക്കിയുടെ മൂത്തസഹോദരൻ ജോളിയുമുണ്ട്. ലിസിക്കു നാണംവന്നു. താനും ജോളിയും സമപ്രായക്കാരാണ്. തങ്ങളെ മാമ്മോദീസാ മുക്കിയതും ഒരേ അച്ചനാണ്. കടവുംഭാഗത്തെ ഗീവറുഗീസ് അച്ചൻ. താനുണ്ടായതിന്റെ തൊണ്ണൂറാംദിവസവും, ജോളിക്ക് ഒരു വയസ്സ് കഴിഞ്ഞുമാണ് മാമ്മോദീസാ മുക്കിയതെന്നുമാത്രം. ഗീവറുഗീസച്ചൻ അവസാനമായി മാമ്മോദീസ മുക്കിയത് ജോളിയെയാണ്. ജോളിയുടെ മാമ്മോദീസായ്ക്കു പള്ളിയിൽ ഗംഭീരസദ്യയായിരുന്നത്രേ. പിന്നീട് വീട്ടിലെത്തിയ അദ്ദേഹത്തെ അവരുടെതന്നെ വളർത്തുനായ കടിച്ചു, വളർത്തുപട്ടിയല്ലേ സാരമില്ല എന്നു പറഞ്ഞ് പ്രതിരോധവാക്സിൻ എടുത്തില്ല. നിർഭാഗ്യവശാൽ, പേവിഷബാധയേറ്റ പട്ടി ആദ്യം ചത്തു. ദിവസങ്ങൾക്കുശേഷം സർക്കാർ മെഡിക്കൽ കോളജിൽ ചികിത്സയിലിരിക്കേ അതിദാരുണമാംവിധം അച്ചനും അകാലമരണം പ്രാപിച്ചു. നാടിനെ മൊത്തം ഉലച്ച സംഭവമായിരുന്നത്രേ, അച്ചന്റെ അകാലവിയോഗം.

മെഡിക്കൽകോളജിലെ ഒരു ഇരുട്ടുസെല്ലിൽ ദാഹിച്ചുദാഹിച്ച്, വെള്ളംകുടിക്കാനാവാതെ, വെള്ളം കണ്ടാൽ വെപ്രാളപ്പെട്ട് ശ്വാസംകിട്ടാതെ പിടഞ്ഞ്, പ്രകാശം കാണാനാവാതെ, ഇരുളറയിൽക്കിടന്ന് മാന്തിമാന്തി കൈകാലിട്ടടിച്ച്, വെള്ളത്തിനായി നാക്കുവെളിയിലിട്ട്, ദാരുണമരണം.

വല്യച്ചൻ പലപ്പോഴും ഈ സംഭവം പറഞ്ഞു നിർത്തുന്നതിങ്ങനെയാണ്: "ബേബിച്ചാ, ശത്രുക്കൾക്കുപോലും ഇങ്ങനെ ഒരു മരണമുണ്ടാകല്ലേന്നു തമ്പുരാനായ കർത്താവിനോടു പ്രാർഥിക്കണം, നടക്കുന്ന നാളിൽ കരുതലോടെ, ജാഗ്രതയോടെ ജീവിക്കുക, പിന്നെ ദൈവേഷ്ടം പോലെ എല്ലാം നടക്കട്ടെ."

ഡോറിനാന്റി മജന്തക്കളറിൽ ഭംഗിയുള്ള ഒരു വെൽവെറ്റ് ബോക്സ് മാത്തൂട്ടിപ്പാപ്പന്റെ കൈയിൽ കൊടുത്തിട്ട് തനിക്കു നല്കാൻ ആംഗ്യം കാണിച്ചു.

അപ്പാപ്പൻ പറഞ്ഞു: "കളയല്ലേ, പള്ളിയിലും വിശേഷാവസരത്തിലുമൊക്കെ ഇടാം. ടൈറ്റാനിക് ഹാർട്ട്പെൻഡന്റ് ആന്റ് ചെയിൻ."

എന്നിട്ട് അപ്പാപ്പനും ആന്റിയും മക്കളുംകൂടി പൊട്ടിച്ചിരിച്ചു. ഹാർട്ടിന്റെ ചിഹ്നത്തിലുള്ള നീലക്കല്ലുലോക്കറ്റും മാലയും... കണ്ണഞ്ചുന്ന ഭംഗി. ഭാഗ്യത്തിന് വല്യമ്മച്ചിയോ, മറിയക്കുട്ടിക്കൊച്ചമ്മയോ തന്നെ കണ്ടില്ല. അവരൊക്കെ പര്യമ്പുറത്ത് പലഹാരമെടുപ്പിന്റെ തിരക്കിലാണ്, അപ്പാപ്പന് കൊണ്ടുപോകാനുള്ള അവലോസുണ്ട, ചക്കഹൽവ, ചക്ക, ഏത്തയ്ക്കാ ഉപ്പേരികൾ, ശർക്കരവരട്ടികൾ ഒക്കെ ഉണ്ടാക്കുന്നതിന്റെ മേൽനോട്ടത്തിലാണ്. കാലായിലെ അവറാച്ചേട്ടനും, സാറാച്ചേടത്തിയും ഭവാനിയും കല്യാണിയുമെല്ലാം ഉണ്ട്. തന്റെ അമ്മയെ വിളിച്ചതാണ്. അമ്മ പശു ഇപ്പം പെറും, ലക്ഷണങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞു പോയില്ല. കഴിഞ്ഞ പ്രാവശ്യത്തെ പേറിന് മൃഗഡോക്ടർ വന്നാണ് കിടാവിനെ വലിച്ചെടുത്തത്, തള്ള ചത്തേനെ. അത്ര ഗുരുതരമായിരുന്നു. അതുകൊണ്ട് അത്യാവശ്യമെങ്കിൽ ഡോക്ടറെ കൊണ്ടുവരാനായി അപ്പനും മറ്റെങ്ങും പോകാതെ വീട്ടിലുണ്ട്.

ഡോറിനാന്റി അവളുടെ കൈയിൽനിന്ന് ബോക്സ് വാങ്ങി അതിൽനിന്നു മാലയെടുത്ത് അവളുടെ കഴുത്തിലണിയിച്ചു. എന്നിട്ട് ബോക്സ് അവളുടെ കൈയിൽ കൊടുത്തു. പിന്നെ അവളുടെ മുടി പിന്നോട്ട് മാടിയൊതുക്കി ചീകി രണ്ടുനല്ല മുത്തുകൾ ഇട്ട് പോണി ടെയ്ൽ കെട്ടി, തലയിൽ ഒരു പിരിയൻ ഹെയർബാന്റും വച്ചിട്ട് രണ്ടു കൈയിലും ഓരോ കുപ്പിക്കാപ്പുവളയും ഇട്ടുകൊടുത്ത് അവളെ കൂടുതൽ സുന്ദരിയാക്കി. ഒരു ടിൻ ബേബി പൗഡറും, പൗഡർ കുടഞ്ഞിട്ട് എടുക്കാൻ ചെറിയ അടപ്പുള്ള ഡബ്ബയും അതിൽ പൗഡർ മുക്കി എടുക്കുന്ന പഫ്സും കൊടുത്തു, എന്നിട്ട് അല്പം പൗഡർ ഡബ്ബയിൽ കുടഞ്ഞിട്ട് പഫ്സുപയോഗിച്ച് തന്റെ മുഖത്തും കഴുത്തിലും പൗഡർ പൂശിത്തന്നു. നല്ല വാസനയുള്ള ആ തൂവൽസ്പർശം അവൾക്കിഷ്ടമായി. എന്നിട്ട് ഡോറിൻ അവളുടെ കാതിൽ മന്ത്രിച്ചു: "ജൽദി ചലോ" അവൾ ഒറ്റയോട്ടം വച്ചുകൊടുത്തു, തന്റെ വീട്ടിലേക്ക്. അപ്പാപ്പൻ പറഞ്ഞു: "മേഴ്സിയും സുമയും വരാൻ പറ."

ലിസി മാല അപ്പനെ കാണിച്ചു. അപ്പൻ വന്ന് അവളുടെ മാലയിൽ പിടിച്ചു നോക്കി. എന്നിട്ടു പറഞ്ഞു: "ലോട്ടറി അടിച്ചല്ലോ" ഹൃദയാകൃതിയിലുള്ള നീലക്കല്ല് ലോക്കറ്റും, കനം കുറഞ്ഞ നൂലുവള്ളിപോലത്തെ മാലയും മേഴ്സിക്കും സുമയ്ക്കും ഇഷ്ടമായി. അവർ പറഞ്ഞു: "എന്തുഭംഗിയാ ഇപ്പം നിന്നെക്കാണാൻ! നീലക്കല്ല് ലോക്കറ്റ്, തലയിൽ നീല മുത്തുകൾ, നീല ഹെയർ ബാന്റ്, രണ്ടു കൈയിലും ഓരോ കട്ടിയുള്ള നീല കുപ്പിവള, ആഹാ ഇനിയെന്നാ വേണം."

അമ്മ പറഞ്ഞു: "സ്വർണമൊന്നുമല്ല, എന്നാലും ഉപകാരമായി, മേഴ്സിക്കും സുമയ്ക്കും മാറിയിടാൻ കൊടുക്കണം കേട്ടോ"

"ആ ...മേഴ്സിച്ചേച്ചീം സുമേം കൂടി ചെല്ലാൻ മാത്തുപ്പാപ്പൻ പറഞ്ഞിട്ടുണ്ട്."

"എടീ മോളേ, മാത്തുപ്പാപ്പൻ അല്ല, മാത്തൂട്ടിപ്പാപ്പൻ. എന്റെ മക്കൾ അങ്ങനെ വിളിച്ചാൽ മതി..." മനസ്സ് നിറഞ്ഞ അമ്മ കട്ടായം പറഞ്ഞു.

ശേഷം 14-ാം പേജിൽ

# ഈ പേക്കൂത്ത് ആര് അവസാനിപ്പിക്കും?

**പൊറുക്കാനാവാത്ത അലംഭാവം**

റാഗിങ് തടയുന്നതിലും ഇടപെടുന്നതിലും വീഴ്ച കണ്ടെത്തിയതിനെത്തുടർന്ന് കോളജ് പ്രിൻസിപ്പൽ ഡോക്ടർ എ.ടി. സുലേഖയെയും വാർഡന്റെ ചുമതലയുള്ള അസിസ്റ്റന്റ് പ്രൊഫസർ അജീഷ് പി. മാണിയെയും സസ്‌പെൻഡ് ചെയ്തു. അനുവദിക്കാനാവാത്ത അലംഭാവമാണ് അധികൃതരിൽനിന്നുണ്ടായതെന്നു പറയാതെവയ്യ. മെഡിക്കൽ കോളജ് കാർഡിയോളജി ബ്ലോക്കിനു സമീപം കാമ്പസിനുള്ളിൽത്തന്നെയാണ് വിദ്യാർഥികൾ ക്രൂരറാഗിങ്ങിന് ഇരയായ ഹോസ്റ്റൽ. ഒരു മുറിയിൽ മൂന്നു വിദ്യാർഥികൾക്കു വീതം 30 പേർക്കു താമസിക്കാവുന്ന ഈ ഹോസ്റ്റലിൽ ഇപ്പോൾ ജനറൽ നേഴ്സിങ് വിഭാഗത്തിലെ 15 കുട്ടികളാണുള്ളത്. മറ്റുള്ള കുട്ടികൾക്ക് റാഗിങ് സംബന്ധിച്ച് അറിവുണ്ടായിരുന്നുവെന്നും എന്നാൽ, സീനിയർ വിദ്യാർഥികളെ ഭയന്നാണ് വിവരം പുറത്തു പറയാതിരുന്നതെന്നും ഗാന്ധിനഗർ എസ്.എച്ച്. ഒ.ടി. ശ്രീജിത്ത് പറഞ്ഞു. പീഡനവിവരം അറിഞ്ഞില്ലെന്നും നിലവിളിയൊന്നും കേട്ടില്ല എന്നുമാണ് ഹോസ്റ്റലിലെ സെക്യൂരിറ്റി ജീവനക്കാരന്റെ മൊഴി. റാഗിങ് നടന്ന മുറിയുടെ തൊട്ടടുത്ത റൂമിൽ താമസിക്കുന്ന അസിസ്റ്റന്റ് വാർഡൻ ഒന്നുമറിഞ്ഞിട്ടില്ലെന്നു പറയുന്നതിൽ അസ്വാഭാവികതയുണ്ട്. ഉപജീവനത്തിനുള്ള ഒരു വെറും ജോലിമാത്രമായി അധ്യാപകവൃത്തിയെ കാണുന്നതിലൂടെ സംഭവിച്ച അപചയം വളരെ വലുതാണ്. സ്വന്തം മക്കളായി അധ്യാപകർ വിദ്യാർഥികളെ നെഞ്ചോടു ചേർത്തു പിടിച്ചിരുന്ന കാലം കടന്നുപോയിരിക്കാം. അടുത്ത മുറികളിൽ താമസിക്കുന്ന വിദ്യാർഥികളും തങ്ങൾ ഒന്നുമറിഞ്ഞില്ലെന്ന നിലപാടാണെടുത്തത്. അപരനിൽ അവനവനെ കാണുന്ന സഹജീവിദർശനം ഡിജിറ്റൽ യുഗതലമുറയിൽ കൈമോശം വന്നു കഴിഞ്ഞെന്ന് ഉറപ്പിച്ചു തുടങ്ങേണ്ട കാലമായെന്നു തോന്നുന്നു. അനീതിക്കെതിരേ പ്രതികരിക്കാനുള്ള ആർജവം കൈമോശം വരുന്ന ഒരു തലമുറ രാഷ്ട്രത്തിന്റെ മുന്നോട്ടുപോക്കിന് അത്ര അനുയോജ്യമല്ല. പ്രതികരണശേഷി നഷ്ടപ്പെട്ട ഒരു ജനതയ്ക്ക് തങ്ങളുടെ അവകാശങ്ങൾ പോലും ഔദാര്യമായി കൈപ്പറ്റാനാണു വിധി. പക്ഷേ, ഒന്നോർക്കാം, മറച്ചുവയ്ക്കുംതോറും ഈ ക്രൂരത വലുതായിക്കൊണ്ടേയിരിക്കും.

**രാഷ്ട്രീയധാർഷ്ട്യത്തിന്റെ വിളവെടുപ്പോ?**

പൂക്കോട് ഗവൺമെന്റ് വെറ്ററിനറി കോളജ് വിദ്യാർഥിയായിരുന്ന സിദ്ധാർഥൻ റാഗിങ്ങിനെത്തുടർന്ന് ആത്മഹത്യ ചെയ്തിട്ട് ഫെബ്രുവരി 18 ന് ഒരു വർഷം തികഞ്ഞു. ആ കേസ് എങ്ങുമെത്തിയിട്ടില്ല. ദൗർഭാഗ്യകരമെന്നു പറയട്ടെ, സിദ്ധാർഥന്റെ ആത്മഹത്യയ്ക്കു കാരണക്കാരായ റാഗിങ്പ്രതികളും കോട്ടയം നേഴ്സിങ് കോളജ് കേസിലെ പ്രതികളും ഒരേ സംഘടനയുടെ പ്രവർത്തകരാണ്! സംഘടനയുടെ സംസ്ഥാന സെക്രട്ടറിയാണ് പ്രതികളിലൊരാളായ രാഹുൽ രാജ്. ബാക്കിയുള്ളവർ പ്രവർത്തകരും. സിദ്ധാർഥന്റെ കേസിൽ വഴിവിട്ട ഇടപെടലുകൾ ഉണ്ടായെന്ന ആരോപണം നിലനിൽക്കുന്നുണ്ട്. എന്തുചെയ്താലും തങ്ങളെ രക്ഷിക്കാൻ ആളുണ്ടെന്ന രാഷ്ട്രീയ മാടമ്പിത്തരത്തിന്റെ ധാർഷ്ട്യമാണോ ഈ ക്രൂരതകൾ? റാഗിങ്ങുമായി ബന്ധപ്പെട്ടു വിദ്യാർഥികൾ പരസ്യപ്രതികരണം നടത്തരുതെന്നും മാധ്യമങ്ങളോടു സംസാരിക്കരുതെന്നും എന്തെങ്കിലുമുണ്ടെങ്കിൽ തന്റെ മൊബൈൽ നമ്പർ നല്കണമെന്നും നേഴ്സിങ് കോളജ് ചെയർ പേഴ്സൺ വിദ്യാർഥികൾക്കു വാട്സ്ആപ്പ് സന്ദേശം അയച്ചത് ഇത്തരുണത്തിൽ ശ്രദ്ധിക്കണം. പ്രതികൾ അംഗങ്ങളായ സ്റ്റുഡൻസ് നേഴ്സസ് അസോസിയേഷനാണ് യൂണിയൻ ഭരിക്കുന്നത്. രാഷ്ട്രീയം = ഗുണ്ടായിസം + ക്രൂരത എന്ന സമവാക്യം കുട്ടികളുടെ മനസ്സിൽ പാകിക്കിളിർപ്പിച്ച് നേട്ടം കൊയ്യാനുള്ള രാഷ്ട്രീയ കുതന്ത്രങ്ങൾ ഇനി എവിടെച്ചെന്ന് അവസാനിക്കും? കുട്ടിക്രിമിനലുകളുടെ അഭയസ്ഥാനമായി മാറുകയാണോ നവയുഗരാഷ്ട്രീയം? കോഴിക്കോട് മെഡിക്കൽ കോളജിൽ ഒന്നാംവർഷ എംബിബിഎസ് വിദ്യാർഥികളെ റാഗ് ചെയ്ത 11 സീനിയർ വിദ്യാർഥികളെ സസ്‌പെൻഡ് ചെയ്തു കേസ് പോലീസിനെ കൈമാറിയതും ഈ മാസമാണ്.

**മാലാഖമാർ ചെകുത്താന്മാർ ആകുന്നുവോ?**

വെള്ളയുടുപ്പിട്ട മാലാഖമാരായി ആതുരസേവനത്തിന്റെ ആശ്വാസം പകരേണ്ട കരങ്ങളാണു മനസ്സാക്ഷി വിറങ്ങലിക്കുന്ന ക്രൂരതകൾ ചെയ്തുകൂട്ടിയെന്നതു ദൗർഭാഗ്യകരമായിപ്പോയി. അന്യന്റെ വേദന ലഹരിയായിക്കാണുന്ന ആർദ്രത വറ്റിയ മനസ്സുകളിൽ ആതുരസേവനത്തിന്റെ നിർവചനം എന്തായിരിക്കും? തങ്ങൾ ചെയ്ത ക്രൂരതയുടെ വീഡിയോ ചിത്രീകരിച്ചു കണ്ടാസ്വദിക്കത്തക്കവിധം അവരിൽ ലഹരിയുടെ ഉന്മാദവും നിറഞ്ഞിരുന്നു. എല്ലാ ആഴ്ചയും പ്രതികൾക്കു മദ്യം വാങ്ങാനുള്ള തുക നല്കേണ്ടത് ജൂനിയർ വിദ്യാർഥികളായിരുന്നു. മദ്യലഹരിയിൽ കാണിച്ചുകൂട്ടുന്ന പേക്കൂത്തുകളൊന്നും ആരും അറിഞ്ഞില്ലെന്നു പറയുമ്പോഴാണ് കരുണ വറ്റിയ മനസ്സുകൾ കർണങ്ങളെ സ്വയം ബധിരമാക്കുന്നതാണെന്ന് നാം തിരിച്ചറിയുന്നത്.

**വിവരമില്ലെന്ന് മുഖ്യമന്ത്രി**

കേരളത്തിലെ റാഗിങ് കേസുകൾ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ലെന്ന മുഖ്യമന്ത്രിയുടെ മറുപടി കേരളത്തെ ഞെട്ടിക്കുന്നതാണ്. 2016 മുതൽ ഇതുവരെ കേരളത്തിലെ കോളജ് കാമ്പസുകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണമെത്ര എന്ന തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎയുടെ ചോദ്യത്തിനാണ് വിവരങ്ങൾ ലഭ്യമല്ലെന്ന് നിയമസഭയിൽ മുഖ്യമന്ത്രി മറുപടി നല്കിയത്! ആഭ്യന്തരവകുപ്പ് ഭരിക്കുന്ന മുഖ്യമന്ത്രിയുടെ മറുപടിയിലെ ഉത്തരവാദിത്വമില്ലായ്മ ഞെട്ടലോടെയാണ് കേരളം കേട്ടത്. കേസുകളുടെ എണ്ണം പറഞ്ഞാൽ അതിൽ സ്വീകരിച്ച നടപടികളും വെളിപ്പെടുത്തേണ്ടിവരും എന്നതാവും മുഖ്യമന്ത്രിയെ പിന്നോട്ടു വലിച്ചത്. വിവിധ രാഷ്ട്രീയപ്പാർട്ടികൾ ശക്തമായ സമരവുമായി ഇപ്പോൾ രംഗത്തുണ്ട്. പക്ഷേ, എത്ര നാൾ? ശ്രദ്ധ തിരിക്കാനായി സർക്കാർ പുതിയൊരു വിഷയമുണ്ടാക്കിക്കൊടുക്കും. അവർ അതിനു പിന്നാലെ പോകും. പതിവ് വേലകളുടെ ആവർത്തനംതന്നെ.

**റാഗിങ് മാനസികവൈകല്യമോ?**

വല്യേട്ടൻ മനോഭാവത്തിൽ തങ്ങൾക്കു കീഴ്പെടത്തക്കവിധമുള്ള ഇരകളെ കണ്ടെത്തുകയും അവരെ വേദനിപ്പിക്കുന്നതിലും ചൂഷണം ചെയ്യുന്നതിലും നിർവൃതി കണ്ടെത്തുകയും ചെയ്യുന്നത് ഒരു മാനസികവൈകല്യമാണ്. അടിസ്ഥാനപരമായ വ്യക്തിത്വവൈകല്യമാണ് ഈ മാനസികാവസ്ഥയ്ക്കു നിദാനം. മറ്റുള്ളവരെ ആക്രമിക്കുന്നതിലും വേദനിപ്പിക്കുന്നതിലും ആനന്ദം കണ്ടെത്തുന്ന മനഃസ്ഥിതിക്ക് ചികിത്സ കൂടിയേ തീരൂ.

**നിയമങ്ങൾ കർശനം പക്ഷേ...**

റാഗിങ്ങിനെതിരേ കർശന നിയമങ്ങൾ നിലവിലുണ്ട്. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റാഗിങ് കമ്മിറ്റികൾ രൂപീകരിക്കണമെന്നാണ് ചട്ടം. ഈ കമ്മിറ്റിയിൽ അധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും പ്രതിനിധികളെ കൂടാതെ പ്രദേശത്തെ സന്നദ്ധപ്രവർത്തകൻ, തദ്ദേശ സ്ഥാപനത്തിന്റെ പ്രതിനിധി എന്നിവരും ഉണ്ടാവണം. റാഗിങ് പ്രതിരോധനടപടികൾ കർശനമായി നടപ്പാക്കണമെന്ന് യുജിസിയുടെ നിർദേശവും ഉണ്ട്. എന്നാൽ, പലയിടങ്ങളിലും യുജിസി മാർഗരേഖയിലുള്ള കാര്യങ്ങൾ പാലിക്കുന്നില്ല എന്നത് ദയനീയമാണ്. റാഗിങ് പരാതി ലഭിച്ച് 24 മണിക്കൂറിനുള്ളിൽ നടപടിയെടുത്തില്ലെങ്കിൽ സ്ഥാപനമേധാവിക്കെതിരേയും കേസെടുക്കണമെന്നാണ് ചട്ടം. ഓരോ മാസവും ലഭിച്ച റാഗിങ് പരാതികളും അതിലെടുത്ത നടപടികളും വ്യക്തമാക്കി കോളജ് പ്രിൻസിപ്പൽമാർ അഞ്ചാം തീയതിക്കുമുമ്പായി വൈസ് ചാൻസലർക്കും വൈസ് ചാൻസലർ എല്ലാ മാസവും ഗവർണർക്കും റിപ്പോർട്ട് നല്കേണ്ടതാണ്.

എന്നിട്ടും ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ലെന്ന് മുഖ്യമന്ത്രി പറയുന്നതിൽ ദുരൂഹതയുണ്ട്.

**ഭാവി നശിപ്പിക്കുന്ന റാഗിങ്**

കേസിൽ കുറ്റക്കാരനാണെന്നു കണ്ടെത്തിയാൽ രണ്ടുമാസം മുതൽ രണ്ടു വർഷംവരെ സസ്‌പെൻഡ് ചെയ്യാനോ കോളജിൽനിന്ന് പുറത്താക്കാനോ റാഗിങ് കമ്മിറ്റിക്ക് അധികാരമുണ്ട്. രണ്ടര ലക്ഷം രൂപവരെ പിഴയും ജയിൽവാസവുമാണ് ശിക്ഷ. ഇതോടെ ഇവരുടെ പഠനം നിലയ്ക്കുകയും ഭാവി നഷ്ടപ്പെടുകയുമാണു പതിവ്. എന്നിട്ടും ഇത് ആവർത്തിക്കുന്നത് പല കേസുകളും തെളിയാതെ പോകുന്നതുകൊണ്ടും ഭീഷണിപ്പെടുത്തി പലരെക്കൊണ്ടും കേസ് പിൻവലിപ്പിക്കുന്നതുകൊണ്ടുമാണ്. എങ്കിലും മറച്ചുവയ്ക്കാതെ ഈ ക്രൂരതയ്ക്കെതിരേ വിദ്യാർഥികളും സമൂഹവും ഒറ്റക്കെട്ടായി മുന്നേറേണ്ട കാലം അതിക്രമിച്ചുകഴിഞ്ഞു. ഇല്ലെങ്കിൽ ഇനി അടുത്തത് സംഭവിക്കുന്നത് നമ്മുടെ കുടുംബത്തിലാവാം. ■




# ക്രോണോസോർ

അദ്ഭുതങ്ങളുടെ കലവറയാണു കടൽ. കടലിന്റെ ഉള്ളറകളെക്കുറിച്ച് ഇനിയും മനുഷ്യൻ പൂർണമായും മനസ്സിലാക്കിയിട്ടില്ല. നാം കാണാത്തതും കാണാൻ സാധ്യതയില്ലാത്തതുമായ കടൽജീവികളുണ്ട്. അദ്ഭുതാവഹമായ ആകൃതിയും പ്രകൃതിയും നിറവും വലുപ്പവുമുള്ള എണ്ണമറ്റ ജീവികൾ കടലിന്റെ അടിത്തട്ടിൽ സ്വൈരവിഹാരം നടത്തുന്നുണ്ട്. നിരുപദ്രവകാരികളായവയും തൊട്ടാൽ വിഷം വമിപ്പിച്ച് ഇരയെ കൊല്ലാൻവരെ കെല്പുള്ള ഭയങ്കരന്മാരും അക്കൂട്ടത്തിലുണ്ട്. വർണവെളിച്ചം വിതറുന്നവരും സംഗീതം പൊഴിക്കുന്നവരും വിഹരിക്കുന്ന ഇടങ്ങൾ കടലിന്റെ അടിത്തട്ടിൽ കാണാം.

കോടാനുകോടി വർഷങ്ങൾക്കുമുമ്പും കടലിൽ ഇത്തരം വൈവിധ്യമാർന്ന ജീവികളുണ്ടായിരുന്നു. കടലിനടിയിലെ പാറക്കെട്ടുകളിൽനിന്നും മറ്റും കിട്ടിയ ഫോസിലുകളിൽനിന്നാണ് അവയെക്കുറിച്ചു വിവരങ്ങൾ ലഭിച്ചിട്ടുള്ളത്. ഇക്തിയോസറുകൾ, പ്ലെസിയോസറുകൾ, മൊസൊസറുകൾ, ഷോനിസോറുകൾ, ക്രോണോസോറുകൾ എന്നീ ഭീകരരും വിചിത്രന്മാരുമായ ജീവികൾ കടലിൽ ജീവിച്ചിരുന്നു. ഓരോന്നിനും ഓരോ ജീവിതരീതികളും വിചിത്രസ്വഭാവസവിശേഷതകളും ഉണ്ടായിരുന്നു. അത്തരം ചരിത്രാതീതകടൽജീവികൾ ഓരോന്നിനെയുംകുറിച്ചു വിസ്തരിച്ച് എഴുതേണ്ടതില്ല. അവയിൽ അതിഭീകരരായിരുന്ന ക്രോണോസോറുകളെ അടുത്തറിഞ്ഞാൽ മതിയാവും.



കത്തു ജലപാളികൾക്കിടയിലൂടെ സഞ്ചരിക്കുന്നതിനാൽ ശരീരത്താകെ പടർന്നുകിടക്കുന്ന ഇളംപച്ചയാർന്ന പായൽ. ഏഴടി നീണ്ട മുഖത്തിന്റെ ഇരുവശത്തുമായി സദാ തുറന്നിരിക്കുന്ന ഉണ്ടക്കണ്ണുകൾ! വായ് തുറന്നാൽ നീണ്ടു കൂർത്ത പല്ലുകൾ!

ക്രോണോസോറിനു വിശപ്പടക്കാൻ കടലിന്റെ ഇരുണ്ട അടിത്തട്ടിലെ വമ്പൻജീവികൾതന്നെ വേണമായിരുന്നു. ഭീകരന്മാരായ ക്രോണോസോറുകളും മറ്റൊരു കടൽജീവിയായ വൂളൻഗോസറുകളും തമ്മിൽ ഘോരഘോരപോരാട്ടങ്ങളുണ്ടാകുമായിരുന്നത്രേ. പോരാട്ടങ്ങൾക്കൊടുവിൽ വൂളൻഗോസറുകൾ ക്രോണോസോറുകൾക്കു കുശാലായ ഭക്ഷണമാകുകയായിരുന്നു പതിവ്. ഓസ്ട്രേലിയയ്ക്കു ചുറ്റുമുള്ള കടലിലാണ് ക്രോണോസോറുകളും വൂളൻഗോസറുകളും വിഹരിച്ചിരുന്നത്. ലക്ഷക്കണക്കിനു വർഷങ്ങൾക്കുമുമ്പായിരുന്നു ക്രോണോസോറുകളുടെയും വൂളൻഗോസറുകളുടെയും ജീവിതവളയാട്ടത്തിന്റെ കാലമെന്നു ഗണിക്കുന്നു.

ക്രോണോസോറുകൾക്ക് 33 അടിയിലേറെ നീളമുണ്ടായിരുന്നു. ഭാരമാകട്ടെ, ഏതാണ്ട് 11 ടൺ. അതായത്, ഒരാനയുടെ ഭാരം! കരയിൽനിന്ന് ഇരതേടി പുരാതനകാലത്ത് കടലിലേക്കിറങ്ങിയ ഇഴജന്തുക്കളുടെ കുടുംബത്തിൽപ്പെട്ടവരാണത്രേ ക്രോണോസോറുകൾ!

കടലിലെ ഇരപിടിയന്മാരിൽ ഏറ്റവും ശക്തനായ വേട്ടക്കാരനായിരുന്നു ക്രോണോസോർ. നീണ്ട മുഖത്തോടെ, ഒരു ചെറുകുന്ന് ഒഴുകിവരുന്നതുപോലെ, വെള്ളത്തിലൂടെ ഊളിയിട്ടുനടക്കുന്ന പ്രകൃതം. വഴുവഴുപ്പുള്ള, ശൽക്കങ്ങളില്ലാത്ത ദേഹം. കാലാകാലങ്ങളായി വെളിച്ചംകാണാതെ കടലിന്റെ അധോലോ ■

# ഈ ചെറിയവരിൽ ഒരുവനുവേണ്ടി



ഫാ. ജോസഫ് നെച്ചിക്കാട്ട്

**പാ**രിസ് നഗരത്തിലെ തെരുവീഥികളിൽക്കൂടി വലിയൊരു ഭാണ്ഡവുമായി പാതിരാവിൽ ഒരാൾ നടന്നുനീങ്ങുകയാണ്. അതു കണ്ട കള്ളന്മാർ അദ്ദേഹത്തിന്റെമേൽ ചാടിവീണു; ഭാണ്ഡം പിടിച്ചുപറിച്ചെടുത്തു. അഴിച്ചുനോക്കിയപ്പോഴാണ് അതു വഴിയരുകിൽ ആരോ ഇട്ടിട്ടുപോയ ഒരു ചോരക്കുഞ്ഞാണെന്ന് അവർക്കു മനസ്സിലാകുന്നത്. തെരുവീഥികളിൽ അങ്ങിങ്ങായി രാത്രികാലങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്ന അനാഥശിശുക്കളെ വാരിയെടുത്തുകൊണ്ടുപോയി വളർത്തിയിരുന്ന ഫാ. വിൻസെന്റ് ഡി പോളായിരുന്നു അത്.

കള്ളന്മാർക്കു ദുഃഖം തോന്നി. തങ്ങൾക്കു തെറ്റുപറ്റിയിരിക്കുന്നു. ഒരു മഹാത്മാവിനെയാണ് തങ്ങൾ സംശയിച്ചത്. അവർ മുട്ടുകുത്തി അദ്ദേഹത്തോടു മാപ്പു ചോദിച്ചു.

കുഞ്ഞുങ്ങളെ അദ്ദേഹം ജീവനുതുല്യം സ്നേഹിച്ചിരുന്നു. അവർക്കു 'ജീവനുണ്ടാകാൻ–ജീവൻ സമൃദ്ധമായി ഉണ്ടാകാൻ' അദ്ദേഹം ശ്രദ്ധിച്ചു. മാതാപിതാക്കൾ കൈവിട്ടുകളഞ്ഞിരുന്ന എത്രയോ കുഞ്ഞുങ്ങളെ അദ്ദേഹം രക്ഷപ്പെടുത്തിയിട്ടുണ്ട്!



പാവങ്ങളുടെ പിതാവ് എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. ആരുമാരുമില്ലാതിരുന്ന പതിതരുടെയും പാവപ്പെട്ടവരുടെയും ഇടയിലായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനമത്രയും. ആർത്തരിൽ, ആലംബഹീനരിൽ യേശുവിനെ കാണാൻ ആ ദീനദയാലുവിനു സാധിച്ചു. അദ്ദേഹവും അദ്ദേഹത്തിന്റെ അനുയായികളും കഴിഞ്ഞിരുന്നത് പാവപ്പെട്ടവരുടെ കൂടെയായിരുന്നു. അവരുടെയിടയിൽത്തന്നെ തങ്ങളുടെ വിശ്രമസങ്കേതവും അവർ കണ്ടെത്തി. അതാണ് അദ്ദേഹത്തിന്റെ പ്രതിമയെപ്പോലും വന്ദിച്ചുനില്ക്കാൻ ഫ്രഞ്ചുവിപ്ലവകാരികളെ പ്രേരിപ്പിച്ചത്.

1789 ലാണ് ഫ്രഞ്ചുവിപ്ലവം അതിന്റെ ഉച്ചകോടിയിലെത്തുന്നത്. അതിന്റെ ചില മുറിപ്പാടുകൾ ഇന്നും പാരിസ് നഗരവീഥികളിൽ കാണാൻ കഴിയും. വിപ്ലവകാരികൾ നഗരത്തിൽ അഴിഞ്ഞാട്ടംതന്നെ നടത്തി. പുരോഹിതരെയും ഉന്നതപ്രഭുകുലജാതരെയും ഒന്നടങ്കം കൊന്നൊടുക്കി. സഭയുടെ സ്ഥാപനങ്ങൾ, സ്ഥലങ്ങളൊക്കെ പിടിച്ചെടുത്തു. കണ്ണിൽ കണ്ടവയൊക്കെ അടിച്ചുടച്ചു. അങ്ങനെ സർവതും തകർത്തുനീങ്ങിയ വിപ്ലവകാരികൾ ചെന്നുനിന്നത് ഉയർന്നുനില്ക്കുന്ന ഒരു പൂർണകായപ്രതിമയുടെ മുമ്പിലാണ്. നേതാവ് അനുയായികളോടു പറഞ്ഞു: "അതുമാത്രം തകർക്കേണ്ടാ – പാവങ്ങൾക്കുവേണ്ടി നിലകൊണ്ട ഒരു മനുഷ്യന്റെ പ്രതിമയാണത്."

അങ്ങനെ അന്ന് ഒഴിവാക്കപ്പെട്ട ആ പ്രതിമ വിശുദ്ധ വിൻസെന്റ് ഡി പോളിന്റെതായിരുന്നു – വിപ്ലവകാരികളെപ്പോലും രോമാഞ്ചമണിയിച്ച വ്യക്തിത്വം.

പിരണീസ് പർവതസാനുക്കളിലെ ഒരു കൊച്ചു ഗ്രാമത്തിൽ വില്യം – ബർട്രാന്റാ ദമ്പതികളുടെ ആറു മക്കളിലൊരുവനായ വിൻസെന്റ് വലിയ സ്വഭാവവൈശിഷ്ട്യങ്ങളൊന്നുമില്ലാത്ത ഒരു സാധാരണവ്യക്തിയായിരുന്നു. ക്രമേണയാണ് വിൻസെന്റിൽ ഒരു മാനസിക പരിവർത്തനം സംജാതമാകുന്നത്. ഒരു നവവൈദികനായ അദ്ദേഹത്തെ 1605 ൽ കടൽക്കൊള്ളക്കാർ പിടികൂടി ഒരു അടിമയുടെ വിലയ്ക്ക് ഒരു മുക്കുവനു കൊടുത്തു – മുക്കുവൻ മറ്റൊരു മുസ്ലീമിനും. മതം മാറി മുസ്ലീമായിത്തീർന്ന വേറൊരുത്തനായിരുന്നു അദ്ദേഹത്തിന്റെ മൂന്നാമത്തെ യജമാനൻ. ആ മതത്യാഗിയെ അദ്ദേഹം മാനസാന്തരപ്പെടുത്തി ക്രൈസ്തവവിശ്വാസത്തിലേക്കു മടക്കിക്കൊണ്ടുവന്നു. അചിരേണ പാരിസിലെത്താനും അദ്ദേഹത്തിനു കഴിഞ്ഞു.

അങ്ങനെ, തികച്ചും കയ്പേറിയ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോയ വിൻസെന്റിൽ അനുകമ്പാർദ്രമായ ഒരു ഹൃദയം രൂപംകൊള്ളുകയായിരുന്നു. പീഡിതരുടെയും പാവങ്ങളുടെയും നൊമ്പരങ്ങളിൽ പങ്കുചേരാൻ അദ്ദേഹം പഠിച്ചു. കരുണാർദ്രമായ ഒരു ഹൃദയം ജീവിതകാലം മുഴുവൻ അദ്ദേഹത്തിനുണ്ടായിരുന്നു – അവരിലേക്കിറങ്ങിച്ചെല്ലാൻ, അവരുമായി താദാത്മ്യം പ്രാപിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അതാണ്, ഫ്രഞ്ചുവിപ്ലവകാരികൾപോലും ആ പ്രതിമ നശിപ്പിക്കാതെ മുന്നോട്ടുപോകാൻ കാരണം. വിപ്ലവം പ്രസംഗിച്ചവർക്കു സ്വപ്നം കാണാൻപോലും കഴിയാത്തത്ര ദൂരത്തിലായിരുന്നു ആ മഹാൻ.

ജീവിതത്തിലെ ഏതു വേദനയും അപമാനവും പരാതി കൂടാതെ സ്വീകരിക്കാൻ അദ്ദേഹം പഠിച്ചതും അടിമത്തത്തിൽ നൊന്തുകഴിഞ്ഞ കാലത്തായിരുന്നു. മൂന്നു യജമാനന്മാരുടെ കീഴിൽ ക്രൂരമായ മർദനമേറ്റു കഴിഞ്ഞ വിൻസെന്റ് ഫ്രാൻസിലെത്തിയശേഷം താമസിച്ചിരുന്നത് ഒരു ജഡ്ജിയോടൊപ്പമാണ്. ഒരിക്കൽ, ജഡ്ജിയുടെ പക്കൽനിന്ന് വലിയൊരു സംഖ്യ – 400 ക്രൗൺ മോഷണംപോയി. നിരന്തരം അടിമയായിക്കഴിഞ്ഞ വിൻസെന്റുതന്നെയാണു പ്രതിയെന്ന് ജഡ്ജിക്കു തോന്നി. അതിന്റെ പേരിൽ ജഡ്ജി വിൻസെന്റിനെ കണക്കറ്റു ശകാരിക്കുകയും പരസ്യമായി അധിക്ഷേപിക്കുകയും ചെയ്തു.

ഇത്രയേറെ അവഹേളിതനായിട്ടും ശാന്തതയും സമചിത്തതയും കൈവെടിയാതെ വിൻസെന്റ് മുന്നോട്ടു നീങ്ങി. കാലങ്ങൾ കഴിഞ്ഞപ്പോൾ, മനഃസാക്ഷിക്കടി കൂടിക്കൂടിവന്നപ്പോൾ യഥാർഥ കള്ളൻ ജഡ്ജിക്കു കത്തയച്ചു, കൂട്ടത്തിൽ വിൻസെന്റിനും. "ഞാനാണു കളവു നടത്തിയത്. അതേറ്റു പറഞ്ഞു പരിഹാരം ചെയ്യാൻ ഞാൻ തയ്യാറാണ്." അപ്പോഴാണ്, ജഡ്ജിക്കു ബോധോദയം ഉണ്ടാകുന്നത്. താൻ തെറ്റിദ്ധരിച്ചതു പരിശുദ്ധനായ ഒരു വൈദികനെയാണ്. യേശുവിനെപ്രതിയായിരുന്നു മുമ്പ് ആ മനുഷ്യൻ അടിമയായതും ഇപ്പോൾ അധിക്ഷേപം ഏറ്റുവാങ്ങിയതും.

പീഡിതരും പാവപ്പെട്ടവരും അഗതികളും അനാഥശിശുക്കളുമായിരുന്നു എപ്പോഴും അദ്ദേഹത്തിന്റെ മനസ്സിൽ. മുഴുവൻസമയവും അവരിലേക്കിറങ്ങിച്ചെല്ലാൻവേണ്ടിയാണ് അദ്ദേഹം ഒരു സന്ന്യാസിനീസമൂഹത്തിനു തുടക്കമിട്ടത് – ഉപവിസഹോദരികളുടെ സഭ. അചിരേണ ദീനാനുകമ്പപ്രവർത്തനങ്ങളുമായി പ്രസ്തുത സഭ ലോകത്തിന്റെ നാനാഭാഗത്തും വ്യാപിച്ചു. അതുപോലെ, വൈദികർക്കുവേണ്ടിയും ഒരു സന്ന്യാസസമൂഹം അദ്ദേഹം സ്ഥാപിച്ചു. അതിന്റെയും ഉദ്ദേശ്യം പാവങ്ങളെ സഹായിക്കുക എന്നതായിരുന്നു.

ആ മഹാന്റെ നാമധേയം നിലനിർത്താനും പ്രവർത്തനങ്ങൾ പിന്തുടരാനുമാണ് പിന്നീട് ഫ്രഡറിക് ഓസാനാം വിൻസെന്റ് ഡിപോൾ സംഘടന എന്ന പ്രസ്ഥാനംതന്നെ ആരംഭിക്കുന്നത്. ഇന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിലുമായി അതിന് അനേകായിരം കോൺഫെറൻസുകളും പ്രവർത്തകരുമുണ്ട്. പേരും പെരുമയും ലക്ഷ്യം വയ്ക്കാതെ തികച്ചും അജ്ഞാതരായി മാറിനിന്നുകൊണ്ട് വിശുദ്ധ വിൻസെന്റിനെ ജീവിതത്തിൽ പകർത്തുകയാണവർ. പാവങ്ങളുടെ പക്ഷം ചേർന്നു നില്ക്കുന്ന ദൈവത്തെ കാണുകയും കാണിച്ചുകൊടുക്കുകയും ചെയ്യുന്നതിലായിരുന്നു വിശുദ്ധ വിൻസെന്റിന്റെ സജീവശ്രദ്ധ. വിൻസെന്റ് ഡിപോൾ സംഘടന ലക്ഷ്യം വയ്ക്കുന്നതും അതുതന്നെ!

ദൈവം എന്നും പാവപ്പെട്ടവന്റെകൂടെയാണ്. ബത്‌ലഹെമിലെ ഒരു കാലിത്തൊഴുത്തിൽ പിറന്നു വീണവൻ, നസ്രസിൽ ഒരു മരപ്പണിക്കാരന്റെ മകനായി ജീവിച്ചു. ഉടുതുണിപോലും കൈവിട്ട് മലമുകളിൽ എല്ലാവരും കാൺകെ മരക്കുരിശിൽ അവൻ പിടഞ്ഞു പിടഞ്ഞു മരിച്ചപ്പോൾ 'എല്ലാം പൂർത്തിയായി' (യോഹ. 19–30). ധനവാനെയല്ല, ലാസറിനെയാണ് അവിടുന്നു പിന്തുണച്ചത്. അതു ശരിക്കു മനസ്സിലാക്കിയ ആദിമസഭയാണ് അഗതികളിലേക്കും അനാഥരിലേക്കും കടന്നുചെല്ലുന്നത്; അത്തരക്കാരുടെ ഒരു പട്ടിക (metricula) തന്നെ ഉണ്ടാക്കി അവരെ അക്കമിട്ട് അടയാളപ്പെടുത്തി സഹായിച്ചുപോന്നത്. ആദിമസഭയുടെ സ്വപ്നമാണ് ഫാ. വിൻസെന്റ് ഡിപോൾ സാക്ഷാത്കരിച്ചതും സാർവത്രികമാക്കിയതും.

'എന്റെ ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ സഹായം നല്കുകയും സ്വാഗതമരുളുകയും ചെയ്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നതെ'ന്നു പറഞ്ഞ കർത്താവിനെ കണ്ടെത്തുകയായിരുന്നു വിശുദ്ധ വിൻസെന്റും വിൻസെന്റ് ഡിപോൾ സംഘടനയും. അതായിരിക്കണം നമ്മുടെയും ലക്ഷ്യം. ■

## അശ്വാരൂഢൻ

എം. എസ്. ചാമക്കാല



[1]സ്വർഗത്തിൻ വാതിൽ തുറന്നുവരുന്നിതാ
വെള്ളക്കുതിരയീ ഭൂതലത്തിൽ!
സ്വസ്ഥനായുള്ളോൻ വിശ്വസ്തനായുള്ളവ-
നശ്വത്തിൻ മേലെഴുന്നള്ളിടുന്നു!
നീതി പാലിച്ചു വിധിക്കുന്നോനാണവൻ
നീതിക്കായെന്നും പൊരുതിടുന്നോൻ
ആദിക്കുമപ്പുറത്തുള്ളവനാണവ-
നാദിക്കുമാധാരമായവൻ താൻ.
ആനന്ദരൂപനാണാരാധ്യനാണവൻ
ശ്വേതാശ്വാരൂഢനായെത്തിടുന്നോൻ
തീനാളംപോലെ ജ്വലിക്കുന്ന കണ്ണുകൾ!
ചോരപുരണ്ടൊരു മേലങ്കിയും!
ശിരസ്സിലിരുപ്പുണ്ടനേകം കിരീടങ്ങ-
ളൊന്നിനു മേലൊന്നായ്ക്കണ്ടിടുന്നു!
ആലേഖനം ചെയ്ത പേരവനുണ്ടല്ലോ
ആ നാമം ദൈവവചനംതന്നെ!
കാരിരുമ്പിന്റെ ചെങ്കോലിനാലായവൻ
കാത്തു ഭരിക്കുന്നു ലോകമെല്ലാം
വായിൽനിന്നൊന്നിനു പിന്നാലെ പായും വാൾ
വീശാത്തിടവുമിപ്പാരിലില്ല!
രാജാക്കന്മാരുടെ രാജാവു താനല്ലോ
നാഥന്മാർക്കുള്ളൊരു നാഥനും താൻ.
ഉഗ്രപ്രതാപിയാണെങ്കിലുമായവ-
നുദ്ധതനല്ലതിശാന്തനാണേ!
കാണുന്നുണ്ടക്കരതാരിലൊരായുധ-
മേതൊരു ദിക്കിനേം കീഴ്പ്പെടുത്താൻ!
ആകാശത്തട്ടിലുമാഴിത്തടത്തിലു-
മാദിവ്യായുധം കടന്നുചെല്ലും
ലോകമിതുവരെ കാണാത്തൊരായുധം
പകയില്ല; രക്തച്ചൊരിച്ചിലില്ല!
ആഗ്നേയമല്ലല്ല; ആണവമല്ലല്ല;
സ്നേഹാസ്ത്രമെന്നാണതിന്റെ നാമം!
അപ്രതിരോധ്യമാം പ്രേമായുധമുള്ളോ-
നേവർക്കും രക്ഷകനശ്വാരൂഢൻ!
അധ്വാനിക്കുന്നോർക്കും ഭാരം വഹിപ്പോർക്കു-
മത്താണിയായവനശ്വാരൂഢൻ!
അദ്ദിവ്യനെത്തുമ്പോൾ വാളുകളൊക്കവേ
കൊഴു[2]ക്കളായ് മാറ്റിപ്പണിതിടുമേ!
കൂർത്തൊരു കുന്തങ്ങൾ കൊയ്ത്തരിവാളായി-
ത്തീർത്തവൻ സ്വസ്ഥമായ് വാണിടുമേ!
ആ സ്നേഹസാമ്രാജ്യം വാഴ്‌വിതിലെത്തിക്കാ-
നെത്തിയോനാണവനശ്വാരൂഢൻ.

*1: വെളിപാട് 19:11*
*2: കലപ്പയുടെ അറ്റത്തു പിടിപ്പിക്കുന്ന ഇരുമ്പ്*

Deepanalam Weekly
RNI No : 16998/68
Vol. 57 No. 50 Date of Publication 20 February 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ
KERALA'S NO.1 GOLD BUYER
TONY VALLIALIL ACHAYANS GROUP
SINCE 2005
അച്ചായൻസ് ഗോൾഡ് 916
പാലാ | ഉഴവൂർ | കരിങ്കുന്നം
കോട്ടയം | ചങ്ങനാശ്ശേരി | ഏറ്റുമാനൂർ | എറണാകുളം | തൊടുപുഴ
ചിങ്ങവനം | സംക്രാന്തി | കടുത്തുരുത്തി | കടുവാക്കുളം | ചേർത്തല
Ph: 9072 388 172 | 8590 046 916
CASH FOR GOLD




35 വർഷത്തെ സേവനപാരമ്പര്യം
നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ Jn.
അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം
പൊൻകുന്നം
Ph: 9495195739, 9495021259
അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)
B.A., B.Com - (M.G. University)
Regular, Postal & Holiday Classes
1 വർഷംകൊണ്ട് ഹിന്ദി അധ്യാപകരാകാം
എസ്.എസ്.എൽ.സി. വിജയികൾക്ക് 1 ½ വർഷം കൊണ്ടും + 2, ഡിഗ്രി വിജയികൾക്ക് 1 വർഷംകൊണ്ടും യു.പി. സ്കൂൾ, ഹൈസ്കൂൾ ഹിന്ദി അധ്യാപന കോഴ്സ് പൂർത്തിയാക്കാം. ട്രെയിനിംഗ് ഇല്ലാതെ യു.പി. സ്കൂളിലും, ട്രെയിനിംഗിനു വിധേയമായി ഹൈസ്കൂളിലും അധ്യാപകരാകാം.
കേരള ഗവൺമെന്റ് – PSC അംഗീകൃതം
+ 2 പരാജിതർക്ക് 3 വിഷയം മാത്രം
കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം. +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.




കൊറ്റത്തിൽ ആയുർവേദ ഹോസ്പിറ്റൽ
ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com



● മസ്തിഷ്കരോഗങ്ങൾ
● നട്ടെല്ല് രോഗങ്ങൾ
● അസ്ഥിരോഗങ്ങൾ
● സന്ധിരോഗങ്ങൾ ● ശിശുരോഗങ്ങൾ
● സ്ത്രീരോഗങ്ങൾ
(ആനോ–റെക്റ്റൽ രോഗങ്ങൾ)
● ത്വക്‌രോഗങ്ങൾ ● വാർദ്ധക്യ രോഗങ്ങൾ
വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org